● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2023 ● ജൂലൈ - ആഗസ്റ്റ് ● പുസ്തകം: 06 ● ലക്കം: 04 ● RNI Regn No: KERMAL/2017/73545

# സ്വാതന്ത്ര്യം കവരുന്ന അധിനിവേശങ്ങൾ

**രാഷ്ട്രത്തിലെ പൗരൻ എന്ന നിലയിൽ ഓരോ വ്യക്തിയും അനുഭവിക്കേണ്ട സ്വാതന്ത്ര്യത്തിൽ നാം അറിയാതെ തന്നെ ചില വിഭാഗങ്ങൾ നടത്തുന്ന അധിനിവേശങ്ങൾ പുതിയ തരം അടിമത്തം സൃഷ്ടിക്കുന്നു. ഇത്തരം അധിനിവേശങ്ങൾ തിരിച്ചറിയാതെ പോയാൽ ബ്രിട്ടീഷ് അധിനിവേശത്തിന് മുൻപ് നിലനിന്നിരുന്ന പരസ്പരം കലഹിക്കുന്ന പതിനായിരക്കണക്കിന് നാട്ടുരാജ്യങ്ങൾ എന്ന അവസ്ഥയിലേക്ക് ഭാരതം ചിതറിപ്പോകും.**





## കവർ സ്റ്റോറി

ഡോ. കെ. എം. ഫ്രാൻസിസ്

വീണ്ടും ഒരു സ്വാതന്ത്ര്യദിനം കടന്നുവരുന്നു. സ്വാതന്ത്ര്യത്തെ കുറിച്ച് ചിന്തിക്കാനും, സ്വാതന്ത്ര്യം നഷ്ടപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാനും, സ്വാതന്ത്ര്യത്തെ ജാഗ്രതയോടെ ജീവൻ നൽകിപ്പോലും സംരക്ഷിക്കാനുള്ള തീരുമാനങ്ങൾ ആവർത്തിക്കാനും ലഭിക്കുന്ന അവസരമാണ് ഓരോ സ്വാതന്ത്ര്യദിനവും. രാഷ്ട്രത്തിലെ പൗരൻ എന്ന നിലയിൽ ഓരോ വ്യക്തിയും അനുഭവിക്കേണ്ട സ്വാതന്ത്ര്യത്തിൽ നാം അറിയാതെ തന്നെ ചില വിഭാഗങ്ങൾ നടത്തുന്ന അധിനിവേശങ്ങൾ പുതിയതരം അടിമത്തത്തെ സൃഷ്ടിക്കുന്നു. ഇത്തരം അധിനിവേശങ്ങൾ തിരിച്ചറിയാതെ പോയാൽ ബ്രിട്ടീഷ് അധിനിവേശത്തിന് മുൻപ് നിലനിന്നിരുന്ന പരസ്പരം കലഹിക്കുന്ന പതിനായിരക്കണക്കിന് നാട്ടുരാജ്യങ്ങൾ എന്ന അവസ്ഥയിലേക്ക് ഭാരതം ചിതറിപ്പോകും.

### എന്താണ് സ്വാതന്ത്ര്യം?

മനസിൽ ഇച്ഛിക്കുന്ന നന്മ പ്രവർത്തിക്കാനുള്ള ഭൗതിക സാഹചര്യങ്ങളും (Endowments) കഴിവും (Capability) സാമൂഹിക രാഷ്ട്രീയ–സാഹചര്യങ്ങളും (Socio-political and cultural ambience) ഒരുവന് ലഭിക്കുക എന്നതാണ് സ്വാതന്ത്ര്യം. ഇച്ഛിക്കുന്നത് മുഴുവൻ ഒരുവനെ സംബന്ധിച്ച് നന്മയല്ലേ? അതുകൊണ്ട് ഇച്ഛിക്കുന്നത് പ്രവർത്തിക്കുന്നതാണ് സ്വാതന്ത്ര്യമെന്ന് ചിലർ നിർവചിക്കുന്നു. 'നന്മ' പ്രവർത്തിക്കുക എന്ന് നിർവചിച്ചാൽ നന്മ എന്താണെന്നും തിന്മ എന്താണെന്നും വിവേചിക്കണം. ഈ വിവേചനത്തിലൂടെ നന്മയെ വളർത്തുകയും തിന്മയെ ഇല്ലാതാക്കുകയും ചെയ്യുന്ന തത്വങ്ങളും പ്രയോഗങ്ങളും അവയെ നിലനിർത്താനുള്ള ഘടനകളുടെ സൃഷ്ടിയുമാണ് നീതി ശാസ്ത്രത്തിന്റെയും, രാഷ്ട്രീയമീമാംസയുടേയും ഉള്ളടക്കം. പുതിയ നിയമം എന്ന ഗ്രന്ഥം ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ്.

പേജ് മൂന്നിൽ തുടരുന്നു ▸

**പേജ് 5 – വനനിയമങ്ങളിൽ കുരുങ്ങുന്ന കർഷകർ**

**പ്രതിമാസം 1 ലക്ഷം രൂപ സ്റ്റൈപ്പന്റോടു കൂടി ജർമ്മനിയിൽ നഴ്സിംഗ് പഠിക്കാൻ സുവർണാവസരം !!!**

*സൗത്ത് ഇന്ത്യയിലെ ഏറ്റവും മികച്ച ജർമ്മൻഭാഷ പരിശീലനകേന്ദ്രം*

JEREMIAH SUNRISE
GERMAN LANGUAGE SCHOOL

MAVOOR ROAD, KOZHIKODE

Admission open for:
A1, A2, B1, B2 & EXAM PREPARATION

REGISTER NOW ▸ 8943418152, 8921236188

KOCHI | KOZHIKODE | KOTTAYAM
WAYANAD | MYSORE | BANGALORE

എഡിറ്റോറിയൽ

● പുസ്തകം: 6 ● ലക്കം: 4

# തിരിച്ചറിയേണ്ട കാലത്തിന്റെ അടയാളങ്ങൾ

ഭാരതം സ്വതന്ത്രരാജ്യമായിട്ട് എഴുപത്തിയാറ് സംവത്സരങ്ങൾ പിന്നിടുകയാണ്. പരസ്പരം സഹിഷ്ണുതയിൽ ജീവിക്കുന്ന ഒരു സമൂഹത്തിന് മാത്രമേ രാജ്യത്തിന്റെ വികസനത്തിൽ പങ്കുവഹിക്കുവാൻ സാധിക്കുകയുള്ളു. ഇന്ത്യൻ ഭരണഘടന ഭാരതം ഒരു മതേതര രാജ്യമെന്ന് പ്രഖ്യാപിക്കുമ്പോൾ, ഈ രാജ്യത്ത് ജീവിക്കുന്ന ഓരോ പൗരനും ആ പ്രഖ്യാപനത്തോട് ചേർന്ന് നിൽക്കുവാനും അതിനു വേണ്ടി പ്രവർത്തിക്കുവാനും ഉത്തരവാദിത്വമുണ്ട്. എന്നാൽ, കാലം മുന്നോട്ടു പോയപ്പോൾ ഇന്ത്യൻ മതേതരത്വം ആശയങ്ങളിൽ ഒതുങ്ങുകയും ക്രൈസ്തവർ അരക്ഷിതാവസ്ഥയിലേക്ക് നീങ്ങുകയും ചെയ്യുന്നു.

ഭാരതത്തിന്റെ നിരവധി ഭാഗങ്ങളിൽ ക്രൈസ്തവർ അക്രമിക്കപ്പെടുകയും ആരാധനാലയങ്ങൾ തകർക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ മാധ്യമങ്ങളിലൂടെ നാം അറിയുന്നുണ്ട്. നാമറിഞ്ഞതിലും എത്രയോ മടങ്ങ് മുകളിലാണ് യാഥാർത്ഥ സംഭവങ്ങൾ. ക്രൈസ്തവർക്കെതിരായ കിരാത അക്രമണങ്ങൾ മണിപ്പൂരിൽ എരിയുന്ന കണ്ണീരിന്റെ ദിനങ്ങളാണിത്. മണിപ്പൂരിൽ നിന്ന് മലയാളക്കരയിലേക്കുള്ള ദൂരം അധികമല്ലയെന്ന് നാം തിരിച്ചറിയണം. ഇപ്പോൾ കേരളക്കരയിലെ ക്രൈസ്തവ ദേവാലയങ്ങളും വിശ്വാസികളും ആക്രമിക്കപ്പെടുന്നുണ്ടാവില്ല. എന്നാൽ ബോധപൂർവ്വം ക്രൈസ്തവ വിശ്വാസികളെ സ്വകാര്യമായി ഒതുക്കുന്ന ഒരു സംസ്കാരം ദുരിതപൂർണ്ണമായി നമ്മുടെ നാടിനെ ഗ്രസിച്ചിരിക്കുന്നു. ഓരോ വിശ്വാസിയും ഈ യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ ജാഗരൂകരായിരിക്കണം.

മതേതരത്വം വ്യക്തിയുടെ ഹൃദയങ്ങളിലാണ് ആരംഭിക്കുന്നത്. പരസ്പരം സ്നേഹിക്കുകയും വിട്ടുവീഴ്ചകൾ ചെയ്യുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ മാത്രമേ സ്വാതന്ത്ര്യവും ജനാധിപത്യവും നിലനിൽക്കുകയുള്ളൂ. വർഗീയത മതേതരത്തിന്റെമേൽ പിടിയുറപ്പിക്കുകയും രാജ്യത്തിന്റെ മതേതര നിലപാടുകളിൽ വെള്ളം ചേർക്കുകയും ചെയ്യുമ്പോൾ രാജ്യത്തിന്റെ ഭാവി തന്നെ അപകടത്തിലാകുന്നു.

വിപരീത സാഹചര്യങ്ങളിൽ തളർന്നു പോകാത്ത സഭ ഇന്ന് ഭാരതത്തിന് അനിവാര്യമായിരിക്കുന്നു. സ്വതന്ത്ര ഭാരതത്തിന്റെ എഴുപത്തിയാറാം വർഷത്തിൽ ഒരിക്കലും അവസാനിക്കാത്ത സുവിശേഷത്തിന്റെ പുത്തൻ സമർപ്പണ മേഖലകളിലേക്ക് ദൈവത്തിന്റെ ഏകജാതനിൽ വിശ്വസിച്ച് നമുക്ക് മുന്നേറാം.

# സ്വാതന്ത്ര്യം എന്ന ത്രിവർണ സ്വപ്നം



ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

രാഷ്ട്രത്തിന്റെ അഖണ്ഡതയും ഭദ്രതയും ഉറപ്പിച്ച് സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയാറാം വർഷത്തിലേക്ക് അഭിമാനത്തോടെ ഇന്ത്യ പ്രവേശിക്കുകയാണ്. സുസ്ഥിരവും സ്വയം പര്യാപ്തവുമായ ഇന്ത്യ എന്ന സ്വപ്നവുമായി ഒരു ജനതയായി നാം മുന്നേറുകയാണ്. അതേസമയം രാജ്യസ്നേഹത്തിനും രാജ്യദ്രോഹത്തിനുമൊക്കെ കൈവരുന്ന പുതിയ നിർവചനങ്ങൾ നമ്മെ ആശങ്കപ്പെടുത്തുന്നു. എണ്ണമറ്റ പ്രതിസന്ധികളെ തോൽപ്പിച്ചുള്ള യാത്രയാണ് എഴുപത്തിയാറ് ആണ്ടുകളുടെ ത്രിവർണ്ണശോഭ. പ്രതിസന്ധികളെ അതിജീവിക്കാൻ രാജ്യത്തെ സജ്ജമാക്കുന്നതും അനുഭവ പാഠങ്ങളിലൂടെ കൈവന്ന ആത്മവിശ്വാസം തന്നെയാണ്. പവിത്രമെന്ന് കരുതുന്ന മൂല്യങ്ങൾ സ്വാതന്ത്ര്യത്തിന്റെ ആദ്യ വർഷങ്ങളിൽ മതങ്ങളെയും ഭാഷകളേയും ജീവിതശൈലികളെയും കോർത്തിണക്കി ഐക്യവും സൗഹാർദ്ദവും സുരക്ഷിതമാക്കി കാത്തുസൂക്ഷിക്കാൻ നമുക്ക് സാധിച്ചു. ബഹുസ്വരതയുടെ അടിസ്ഥാനത്തിലുള്ള മതനിരപേക്ഷതയ്ക്ക് ചിലപ്പോഴൊക്കെ പൊള്ളലേറ്റത് ഇന്ത്യയുടെ മനസ്സിൽ വടുക്കളായി നിലനിൽക്കുന്നു.

ജനാധിപത്യത്തിന്റെ അന്തസ്സും മൂല്യവും കാത്തുസൂക്ഷിക്കാൻ രാഷ്ട്രീയപാർട്ടികൾ കൂടുതൽ ഉത്തരവാദിത്വം കാട്ടേണ്ടതുണ്ട്. അഭിപ്രായസ്വാതന്ത്ര്യമെന്ന വാക്കിന് ആഴമേറിയ അർത്ഥം ഉണ്ടെന്ന് ഭരണകൂടങ്ങൾ തിരിച്ചറിയണം. കാലാതീതകാന്തിയോടെ ഒരു ത്രിവർണ്ണ സ്വപ്നമായിരിക്കട്ടെ ഇന്ത്യ.

എഴുപത്തിയാറു വർഷങ്ങൾ കൊണ്ട് ഇന്ത്യ കൈവരിച്ച നേട്ടങ്ങളെ മറ്റു രാഷ്ട്രങ്ങൾ ഏറെ അത്ഭുതത്തോടെയാണ് നോക്കി കാണുന്നത്. നേട്ടങ്ങളുടെ പട്ടിക നിരത്തി അഭിമാനിക്കാനും അഹങ്കരിക്കാനും മാത്രമുള്ള ദിനമായി സ്വാതന്ത്ര്യദിനം കടന്നുപോകരുത്. ഓരോ സ്വാതന്ത്ര്യദിനവും സത്യസന്ധമായ ആത്മപരിശോധനയ്ക്ക് നമ്മെ നിർബന്ധിക്കുന്നുണ്ട്.

ലോകജനത മുഴുവൻ ആദരവോടെ വീക്ഷിച്ചിരിന്നത് ഭാരതത്തിന്റെ അഖണ്ഡതയും മതസൗഹാർദ്ദവുമാണ്. നിർഭാഗ്യവശാൽ നമ്മുടെ ദേശത്തിന്റെ മഹത്തായ സംസ്കാരത്തിന്റെ അടിസ്ഥാന ഭാവങ്ങളെ നശിപ്പിക്കുന്ന പ്രവണതകളും പ്രസ്താവനകളും വർദ്ധിക്കുകയാണ്. നമ്മുടെ രാജ്യത്ത് എല്ലാത്തരം വർഗ്ഗീയ അക്രമണങ്ങൾക്കും മൊറോട്ടോറിയം പ്രഖ്യാപിക്കണമെന്ന് പ്രധാനമന്ത്രി 2015 ഫെബ്രുവരിയിൽ പ്രസ്താവിച്ചപ്പോൾ നമ്മുടെ മനസ്സുകളിൽ വലിയ പ്രതീക്ഷകളാണ് ഉണർന്നത്. എന്നാൽ ഇന്ന് മണിപ്പൂർ കത്തുമ്പോഴും രാജ്യത്തിന്റെ പലയിടങ്ങളിലും എന്തിനേറെ ഡൽഹിയിലും സമീപപ്രദേശങ്ങളിലും ക്രൈസ്തവദേവാലയങ്ങൾ നിരന്തരമായി അക്രമിക്കപ്പെടുമ്പോഴും മറ്റൊരു കാണ്ഡമാൽ തുറിച്ചു നോക്കുന്നു. 'ഘർവാപ്പസി' പോലെയുള്ള വർഗ്ഗീയ പ്രവണതകൾക്ക് ഈ കാലത്തിൽ ആക്കം കൂടുകയാണ്. പ്രതിഷേധങ്ങൾ എല്ലായിടങ്ങളിൽ നിന്നും ഉയർന്നിട്ടും നടപടികളോ പ്രതികരണമോ ഇല്ലാത്താതാണ് വേദനാജനകം.

പ്രധാനമന്ത്രി മണിപ്പൂർ വിഷയങ്ങളിൽ കൈക്കൊള്ളുന്ന മൗനം ഭാരതക്രൈസ്തവരെ മുഴുവൻ നൊമ്പരത്തിലാഴ്ത്തുകയാണ്. ഒറ്റക്കെട്ടായി നിലകൊണ്ട് രാജ്യത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ നമുക്ക് പരിശ്രമിക്കാം. ജനാധിപത്യത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായ വ്യക്തിസ്വാതന്ത്ര്യം ഒരിക്കലും ഹനിക്കപ്പെടരുത്.

സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന ഏവരെയും സർവാത്മനാ ഉൾക്കൊള്ളുന്ന വിശുദ്ധിയുടെ സംരക്ഷണ കവചമാണ്. ഈ ദേശം എന്നും അടിസ്ഥാനപരമായി ഉയർത്തിപ്പിച്ചിരുന്ന ചില മൂല്യങ്ങളുണ്ട്. ഈ രാജ്യത്തിന്റെ അഖണ്ഡത നിലനിർത്തുന്നത് പകരം വയ്ക്കാനില്ലാത്ത ഈ മൂല്യങ്ങളാണ്. നീതിയിലധിഷ്ഠിതമായ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കപ്പെടുന്ന നാടിനു വേണ്ടി നമുക്ക് കൈകോർക്കാം.

# തലതിരിഞ്ഞ പത്രവായന



അകം പുറം

കെ. എഫ്. ജോർജ്

'ഇപ്പോൾ പത്രവായന തുടങ്ങുന്നത് അവസാന പേജുകളിൽ നിന്നാണ്. സ്പോർട്സ് വാർത്തകൾ ആദ്യം നോക്കും. നേട്ടങ്ങളുടെയും റിക്കാർഡ് തകർത്തതിന്റെയും വിവരങ്ങളും പടങ്ങളും കാണുമ്പോൾ മനസിന് ഉന്മേഷം തോന്നും. അതുകഴിഞ്ഞ് മാത്രമേ മുൻ പേജുകളിലേക്കു നീങ്ങുകയുള്ളൂ. അവിടെയുള്ള തട്ടിപ്പിന്റെയും അക്രമത്തിന്റെയും വാർത്തകളിൽ നിന്നാണു വായന തുടങ്ങുന്നതെങ്കിൽ ആ ദിവസം പോക്കുതന്നെ.'

സുഹൃദ് സദസിൽ ഒരാൾ പറഞ്ഞ അനുഭവത്തോട് കൂട്ടത്തിലുള്ളവർക്ക് എതിരഭിപ്രായം ഉണ്ടായിരുന്നില്ല.

അന്താരാഷ്ട്ര ചർച്ചകളുടെയും കരാറുകളുടെയും ബഹിരാകാശ നേട്ടങ്ങളുടെയും വാർത്തകൾ ഒന്നാം പേജിൽ നിറഞ്ഞ കാലമുണ്ടായിരുന്നു. അന്നും അടിപിടിയും അക്രമങ്ങളുമെല്ലാം ഇഷ്ടം പോലെ നടന്നിരുന്നു. പക്ഷേ, അവ ഉൾപ്പേജുകളിൽ ഒതുങ്ങി.

പച്ചക്കള്ളമെന്ന് ആർക്കും ഒറ്റനോട്ടത്തിൽ മനസിലാകുന്ന കാര്യങ്ങൾ ശരിയെന്നു സ്ഥാപിക്കാൻ നേതാക്കൾ നടത്തുന്ന പ്രസ്താവന അഭ്യാസങ്ങൾ, ക്രൂരതകളുടെ ചോര തെറിക്കുന്ന വിവരണങ്ങൾ – ഇതെല്ലാം നിറയുന്ന ആദ്യ പേജുകൾ വായനക്കാരുടെ പ്രഭാത വെളിച്ചം ഉലച്ചുകളയും.

കൊളംബിയൻ വിമാനം ആമസോൺ കാടുകളിൽ തകർന്ന് 40 ദിവസം കൊടുംകാട്ടിൽ അകപ്പെട്ട 13 മുതൽ ഒരു വയസുവരെയുള്ള നാലു കുഞ്ഞുങ്ങൾ രക്ഷപ്പെട്ടതിന്റെ വിവരണങ്ങൾ എത്ര ആകാംക്ഷയോടെയാണ് കാത്തിരുന്ന് വായിച്ചത്!

അടുത്തയിടെ പത്രങ്ങളുടെ മുൻപേജുകളിൽ പ്രത്യക്ഷപ്പെട്ട പ്രധാന പോസിറ്റീവ് വാർത്ത ഇതായിരിക്കും.

കാട്ടിൽ പെട്ടുപോയ ആ കുഞ്ഞുങ്ങൾ നമ്മുടെ തന്നെ കുട്ടികളാണെന്ന് വായനക്കാർക്കു തോന്നി. അവരുടെ രക്ഷപ്പെടലിനായി നമ്മളും പ്രാർത്ഥിച്ചു. അവർ രക്ഷപ്പെട്ടപ്പോൾ നമ്മളും ആശ്വസിച്ചു.

അവരുടെ അതിജീവന കഥ, വ്യത്യസ്ത സാഹചര്യങ്ങളിലാണെങ്കിലും, ക്ലേശങ്ങൾ അതിജീവിക്കാൻ വായനക്കാരുടെ മനസിനെയും ജ്വലിപ്പിച്ചിട്ടുണ്ടാകാം. ഇതാണ് പോസിറ്റീവ് വാർത്തകളിൽ ചേർന്നിരിക്കുന്ന ഉൾശക്തി.

മോശം കാര്യങ്ങൾ മാത്രം നിരന്തരം കേട്ടുകൊണ്ടിരുന്നാൽ മനസ് മന്ദീഭവിച്ചുപോകും. ഒന്നും ശരിയാവില്ല, നാടു നന്നാവില്ല എന്ന മട്ടിലുള്ള നെഗറ്റീവ് ചിന്ത വ്യക്തിയെ മാത്രമല്ല നാടിനെയും അപകടത്തിലാക്കും.

പത്രങ്ങളിൽ മാത്രമല്ല, വാർത്താ ചാനലുകളിലും ഇതാണ് സ്ഥിതി. സാമൂഹിക മാധ്യമങ്ങളിലാണെങ്കിൽ സത്യമേത്, അസത്യമേത് എന്നു തിരിച്ചറിയാനാവാത്ത വാർത്താ പ്രളയമാണ്.



ഈ കുഴമറി സാഹചര്യത്തിൽ അഴിമതിയിലൂടെ സംഭവിക്കുന്ന ഭരണപരാജയത്തിന്റെ ഉത്തരവാദിത്തം നേതാക്കന്മാർ 'വാർത്ത വളച്ചൊടിക്കുന്ന' മാധ്യമങ്ങളെ ചാരി രക്ഷപ്പെടാൻ നോക്കുന്നു. മറ്റുചിലർ നടൻ ജനാർദ്ദനന്റെ പ്രശസ്ത സിനിമാ ഫലിതം പോലെ 'ഈ പത്രക്കാരെക്കൊണ്ടു തോറ്റു' എന്നു പറഞ്ഞു ഒഴിഞ്ഞു മാറുന്നു.

ഇതിനു മാധ്യമങ്ങൾ മാത്രമാണോ കുറ്റക്കാർ? സമൂഹം ദുഷിക്കുമ്പോൾ അതിന്റെ ദുർഗന്ധം സമൂഹത്തിന്റെ ഭാഗമായ മാധ്യമങ്ങളിലുമെത്തും. കനേഡിയൻ മാധ്യമ ചിന്തകനായ മാർഷൽ മക്ലൂഹൻ മാധ്യമങ്ങളെ മനുഷ്യന്റെ തന്നെ വിപുലീകരണമായാണ് വിശേഷിപ്പിച്ചത്. നമ്മൾ കാണുന്നത് നമ്മളായിത്തീരുന്ന അവസ്ഥാവിശേഷം. ഇതു നമ്മുടെ ധാരണയെയും ശക്തിയേയും സ്വാധീനിക്കുന്നു.

ഇതുകൊണ്ടാണ് മാധ്യമങ്ങളെ വരുതിയിലാക്കാനും കേസെടുത്തും വിരട്ടിയും കൂച്ചുവിലങ്ങിടാനും ഭരണകൂടങ്ങൾ എക്കാലവും ശ്രമിക്കുന്നത്.

ജനാധിപത്യം ഭീഷണി നേരിടുമ്പോൾ മാധ്യമങ്ങൾകൂടി നിർജീവമായാൽ സ്ഥിതി ഭയാനകമായിരിക്കും.

സാങ്കേതിക വിദ്യ വളർന്നതോടെ സ്വകാര്യത ഇല്ലാതായി. ഒളിച്ചുവയ്ക്കുന്നവ പുരപ്പുറത്തുനിന്ന് വിളിച്ചുകൂവുന്നതാണ് പുതിയ രീതി. അങ്ങനെ അഴിമതിക്കഥകളും തട്ടിപ്പു സംഭവങ്ങളും അങ്ങാടിപ്പാട്ടായി തീരുന്നു. ഇത് കാണാനും വായിക്കാനും താൽപര്യം കൂടുമല്ലോ! അങ്ങനെ മാധ്യമങ്ങളുടെ കച്ചവടവും കൂടും.

അതിനാൽ ഇന്നത്തെ അവസ്ഥ കൂടുതൽ വിപുലമാകുമെന്നല്ലാതെ മാറ്റത്തിന് സാധ്യത കുറവ്. എന്നാൽ ശരിയായ അറിവുകൊണ്ട് നമ്മളെത്തന്നെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നാൽ സത്യം മനസിലാക്കാനാകും. അങ്ങനെയുള്ളവരെ ആർക്കും വഴിതെറ്റിക്കാനാവില്ല.

# ഭരണഘടനയേയും വെല്ലുവിളിച്ച്


**'ഞാൻ എനിക്കിഷ്ടമുള്ളത് ചെയ്യും താനാരാടോ ചോദ്യം ചെയ്യാൻ?' എന്നതാണ് പുതുതലമുറയുടെ ചോദ്യം. ഈ ചോദ്യം ലോകത്തിന്റെ ആരംഭം മുതലുണ്ട്. ഓരോരുത്തനും അവന് ഇഷ്ടമുള്ളത് ചെയ്താൽ സാമൂഹിക ജീവിതം അസാധ്യമായിത്തീരും.**

● *പേജ് ഒന്നിൽ നിന്ന് തുടർച്ച*

'സ്വർഗത്തിലേപ്പോലെ ഭൂമിയിലുമാകാൻ' എന്ത് ചെയ്യണം. യുവാവിന്റെ ചോദ്യം ഇതാണ് എന്ത് നന്മയാണ് ചെയ്യേണ്ടത്? നന്മയെ കണ്ടുപിടിക്കാൻ യേശു മൂന്ന് ഉത്തരങ്ങൾ നൽകുന്നുണ്ട്. ഒന്നാമതായി സത്യമാണ് മനുഷ്യനെ സ്വതന്ത്രനാക്കുന്നത്. രണ്ടാമതായി മറ്റുള്ളവർ നിന്നോട് എന്ത് ചെയ്തു തരണമെന്നാണ് നീ ആഗ്രഹിക്കുന്നത്, അത് നീ മറ്റുള്ളവരോട് ചെയ്യുക, മൂന്നാമതായി നന്മയെന്നത് അയൽക്കാരനെ സ്നേഹിക്കുന്നതാണ് അതുകൊണ്ട് സത്യാന്വേഷണവും സഹോദര സ്നേഹവും നിലനിൽക്കുന്ന ഒരു സമൂഹത്തിൽ മാത്രമാണ് സ്വാതന്ത്ര്യം വളർച്ച പ്രാപിക്കുക.

## സത്യാനന്തര കാലഘട്ടം: സത്യവും അഭിപ്രായവും തമ്മിലുള്ള യുദ്ധം

നന്മയെന്ത്, തിന്മയെന്ത് എന്ന് വേർതിരിക്കാനുള്ള മാനദണ്ഡമാണ് സത്യം. സത്യം എന്താണെന്ന് ശാസ്ത്രത്തിന് പ്രത്യേക നിർവചനമുണ്ട്. മനുഷ്യന്റെ ഒരു യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അറിവും, യാഥാർത്ഥ്യത്തിന്റെ സ്വഭാവവും തമ്മിൽ ചേർച്ച അഥവാ പൊരുത്തം ഉണ്ടെങ്കിലാണ് ശാസ്ത്രം അതിനെ സത്യമെന്ന് നിർവചിക്കുന്നത്. എങ്കിൽ മനുഷ്യനെക്കുറിച്ചുള്ള സത്യം എന്താണ്? മനുഷ്യനെക്കുറിച്ചുള്ള മനുഷ്യന്റെ അറിവും മനുഷ്യനെന്ന യാഥാർത്ഥ്യത്തിന്റെ 'സ്വഭാവവും' തമ്മിൽ പൊരുത്തമുണ്ടാകുന്നതാണ് സത്യം. മനുഷ്യനിൽ അങ്ങനെയൊരു സ്വഭാവം ഇല്ലെങ്കിലോ? സത്യം എന്നത് ഇല്ലാതാകും.



സത്യമില്ലെങ്കിൽ മനുഷ്യനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ (opinions) സത്യം മരിച്ചു, അത് ഉയർത്തെഴുന്നേറ്റിട്ടില്ല, സത്യത്തിന്റെ മരണശേഷം എന്നതാണ് സത്യാനന്തരകാലഘട്ടം (post truth) സത്യാനന്തര കാലഘട്ടത്തിൽ അഭിപ്രായങ്ങളാണ് സമൂഹത്തെ നിയന്ത്രിക്കുന്നത്.

അഭിപ്രായങ്ങൾ സൃഷ്ടിക്കുന്നത് മാധ്യമങ്ങളാണ്. മാധ്യമങ്ങൾ നേതാക്കളെ സൃഷ്ടിക്കുന്നു. ആരാണോ കൂടുതൽ ഉറക്കെ സംസാരിക്കുന്നത്, ആരുടെ അഭിപ്രായമാണോ പൊതുസമൂഹം സ്വീകരിക്കുന്നത് അതാണ് സത്യം. അതിനായി ഭരിക്കുന്നവർ മാധ്യമങ്ങളെ വിലയ്ക്കെടുക്കുന്നു. പൊതുജന സമ്പർക്കത്തിനായി (Public relations work) ഏത് പാർട്ടിയാണോ കൂടുതൽ പണം വാങ്ങുന്നത് അവർ പറയുന്നതാണ് സത്യം. ഈ യുദ്ധത്തിൽ സത്യം മരിക്കുന്നു. സത്യം മരിക്കുന്നതിലൂടെ മനുഷ്യന്റെ മൗലികാവകാശങ്ങൾ പോലും ഇല്ലാതാകുന്നു.

## സ്വാതന്ത്ര്യത്തിന്റെ പുനർനിർവചനം

'നന്മ' എന്തെന്ന് നിർവചിക്കാൻ കഴിയുന്നില്ലെങ്കിൽ സ്വാതന്ത്ര്യത്തിന്റെ നിർവചനം മാറ്റേണ്ടിവരും. 'ഇച്ഛിക്കുന്ന നന്മ' പ്രവർത്തിക്കാനുള്ള അവസരമാണ് സ്വാതന്ത്ര്യം എന്നതിനുപകരം ഇച്ഛിക്കുന്നത് പ്രവർത്തിക്കാനുള്ള അവസരമാണ് സ്വാതന്ത്ര്യം എന്ന് പുനർനിർവചിക്കുന്നു. ഇത്തരമൊരു തെറ്റ് സമൂഹത്തിൽ നിലനിൽക്കുന്നു. 'ഞാൻ എനിക്കിഷ്ടമുള്ളത് ചെയ്യും താനാരാടോ ചോദ്യം ചെയ്യാൻ?' എന്നതാണ് പുതുതലമുറയുടെ ചോദ്യം. ഈ ചോദ്യം ലോകത്തിന്റെ ആരംഭം മുതലുണ്ട്. ഓരോരുത്തനും അവന് ഇഷ്ടമുള്ളത് ചെയ്താൽ സാമൂഹിക ജീവിതം അസാധ്യമായിത്തീരും. രാഷ്ട്രീയവും സാമ്പത്തികവുമായ ശക്തിയുള്ളവർ അതില്ലാത്തവരുടെ മൗലീക സ്വാതന്ത്ര്യത്തെ പോലും തടയും. നന്മതിന്മകളുടെ വേർതിരിവിന്റെ വേലിക്കെട്ടുകളെ തകർക്കുന്ന എല്ലാ ചിന്തയും പ്രയോഗവും സ്വേച്ഛാധിപത്യത്തിലേക്കുള്ള രാജപാതയാണ്.

പേജ് നാലിൽ തുടരുന്നു ▸






# സ്വാതന്ത്ര്യം എന്തിനുവേണ്ടി?

**ഞാൻ നിനക്ക് എന്ത് നന്മ ചെയ്തു തരണമെന്ന് ഓരോ രാഷ്ട്രീയ നേതാവും, സർക്കാർ ഉദ്യോഗസ്ഥരും ജനത്തോട് ചോദിക്കുമ്പോൾ പൊതുക്ഷേമം വർദ്ധിക്കുന്നു. സ്വാതന്ത്ര്യം രാഷ്ട്രീയ ഘടനയിലൂടെ അനുഭവിക്കാൻ കഴിയുന്നു.**

● *പേജ് മൂന്നിൽ നിന്ന് തുടർച്ച*

നന്മ തിന്മയെ വേർതിരിക്കാൻ യേശു നൽകുന്ന രണ്ടാമത്തെ മാനദണ്ഡമാണ് നീതിശാസ്ത്രം (ethics) നീതിശാസ്ത്രം ഉരുത്തിരിയുന്നത് മറ്റുള്ളവർ നിന്നോട് എന്ത് ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത് നീ മറ്റുള്ളവരോട് അതുപോലെ ചെയ്യുക എന്ന അടിസ്ഥാന മാനദണ്ഡത്തിൽ നിന്നാണ്. എനിക്ക് എന്റെ ശത്രുവിനെ വധിക്കാൻ തോന്നും ഞാൻ അവനെ വധിക്കുന്നത് ശരിയാണോ? എനിക്ക് എന്റെ കൂടെയുള്ള വ്യക്തിയെ ലൈംഗികമായി ഉപയോഗിക്കാൻ തോന്നുന്നു, ഞാൻ അങ്ങനെ ചെയ്യുന്നത് ശരിയാണോ? എനിക്ക് എന്റെ മതം തന്നെ എല്ലാവരും സ്വീകരിക്കണമെന്ന് തോന്നുന്നു, അത് എല്ലാവരും അനുസരിക്കണോ? എനിക്ക് മറ്റൊരുവന്റെ സമ്പത്ത് സ്വന്തമാക്കണമെന്ന് ഇച്ഛിക്കുന്നു അത് ശരിയാണോ? സത്യാനന്തര ചിന്തയിൽ ഭൂരിപക്ഷാഭിപ്രായം ശരിയാണെന്ന മാനദണ്ഡം അനുസരിച്ചാൽ ഭൂരിപക്ഷത്തിന്റെ മതം എല്ലാവരും സ്വീകരിക്കണം. ഭൂരിപക്ഷത്തിന് ഒരുവന്റെ സ്വത്തിനെ കൊള്ളയടിക്കാം. ഇത്തരത്തിൽ ആൾക്കൂട്ടത്തിന്റെ നടപ്പിലാക്കുന്നതാണ് ജനാധിപത്യം എന്ന് ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. ആൾക്കൂട്ട ജനാധിപത്യത്തിന്റെ ഇരകൾ ന്യൂനപക്ഷങ്ങളാണ്.

ഇച്ഛിക്കുന്നതെന്തും പ്രവർത്തിക്കുന്നതിന് സ്വാതന്ത്ര്യം നൽകുന്നതാണ് സ്വന്തം ഇച്ഛയുടെ ആധിപത്യം അഥവാ സ്വേച്ഛാധിപത്യം. സ്വേച്ഛാധിപത്യം സമൂഹത്തെ തകർക്കുന്നു; കലഹങ്ങളും കലാപങ്ങളും സൃഷ്ടിക്കുന്നു.

ഞാൻ എന്റെ ശത്രുവിനെ വധിക്കാൻ ഇച്ഛിക്കുന്നു. ഈ ഇച്ഛ ഞാൻ നടപ്പിലാക്കുമ്പോൾ അപരന് എന്നെ വധിക്കാനുള്ള സ്വാതന്ത്ര്യം ഞാൻ നൽകുകയാണ്. ഞാൻ മറ്റൊരു വ്യക്തിയെ ലൈംഗികമായി ഉപയോഗിക്കുന്നത് ശരിയാണെങ്കിൽ മറ്റൊരുവൻ എന്നെ ലൈംഗികമായി ദുരുപയോഗിക്കുന്നതും ശരിയാണ്. ഞാൻ മറ്റൊരുവന്റെ സ്വത്ത് തട്ടിയെടുക്കുന്നത് ശരിയാണെങ്കിൽ അപരൻ എന്റെ സ്വത്തും തട്ടിയെടുക്കുന്നതും ശരിയാണ്.

എന്നാൽ "ഇച്ഛിക്കുന്നത് പ്രവർത്തിക്കുന്നതാണ് സ്വാതന്ത്ര്യം" എന്ന് നിർവഹിക്കുന്നവർ ഇരട്ട മാനദണ്ഡത്തിൽ വരുന്നു.



"
ഇച്ഛിക്കുന്നതെന്തും പ്രവർത്തിക്കുന്നതിന് സ്വാതന്ത്ര്യം നൽകുന്നതാണ് സ്വന്തം ഇച്ഛയുടെ ആധിപത്യം അഥവാ സ്വേച്ഛാധിപത്യം. സ്വേച്ഛാധിപത്യം സമൂഹത്തെ തകർക്കുന്നു; കലഹങ്ങളും കലാപങ്ങളും സൃഷ്ടിക്കുന്നു.

ഞാൻ മറ്റുള്ളവരോട് തെറ്റ് ചെയ്താൽ അവർ എന്നോട് ക്ഷമിക്കണം. എന്നാൽ മറ്റുള്ളവർ എന്നോട് തെറ്റ് ചെയ്താൽ അത് ക്ഷമിക്കില്ല. അവർക്ക് മറ്റുള്ളവരുടെ സ്വത്ത് തട്ടിയെടുക്കുന്നത് ശരിയാണ്. സ്വന്തം സ്വത്ത് മറ്റുള്ളവർ തട്ടിയെടുക്കുന്നത് തെറ്റാണ്. "ഞാൻ ഇച്ഛിക്കുന്നത് ഞാൻ ചെയ്യും" എന്ന പ്രസ്താവന കലഹത്തിന്റെ പേരാണ്.

ഇത് തിരിച്ചറിഞ്ഞ രാഷ്ട്രമീംമാസകർ മറ്റുള്ളവർ നിങ്ങളോട് ചെയ്യണമെന്ന് ആഗ്രഹിക്കുന്നത് നിങ്ങൾ ചെയ്യുക, മറ്റുള്ളവർ നിങ്ങളോട് ചെയ്യരുതെന്ന് ആഗ്രഹിക്കുന്നത് നിങ്ങൾ മറ്റുള്ളവരോട് ചെയ്യാതിരിക്കുക എന്ന മാനദണ്ഡമനുസരിച്ച് ചില നിയമങ്ങളുണ്ടാക്കി അവ കീഴ്‌വഴക്കങ്ങളായും ലിഖിതമായും രൂപപ്പെടുത്തിയതാണ് ഭരണഘടന. ഭരണഘടനയിലെ ചില മാനദണ്ഡങ്ങളെ നിഷേധിക്കുമ്പോൾ നന്മ തിന്മയുടെ വേലിക്കെട്ട് തകർക്കുന്നു. തിന്മ ചെയ്യാനുള്ള സ്വാതന്ത്ര്യം വളരുന്നു. ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള രാജ്യത്ത് ഹിന്ദു മതവിശ്വാസികൾ മാത്രം മതിയെന്ന് വാദിക്കുന്നവർ, മുസ്ലീമുകൾക്ക് ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ മുസ്ലീമുകൾ മാത്രം മതിയെന്ന് പറയുന്നതിനെ ശരിവെയ്ക്കുന്നു. മുസ്ലീമുകൾ ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ മറ്റ് മതവിശ്വാസികളെ രണ്ടാം തരം പൗരന്മാരായി കണക്കാക്കുന്നുവെങ്കിൽ ഹിന്ദുമത രാജ്യത്തിലോ, ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാജ്യങ്ങളിലോ ജീവിക്കുന്ന മുസ്ലീമുകളെ രണ്ടാം തരം പൗരന്മാരായി കാണുന്നതിൽ എന്താണ് തെറ്റ് എന്ന ചോദ്യം ഉയരുന്നു.

## എന്താണ് ഇച്ഛിക്കുന്ന നന്മ

"ഇച്ഛിക്കുന്ന നന്മ" എന്ന വാക്കിൽ നന്മയെന്താണ്? ഞാനൊഴികെ മറ്റുള്ളവരുടെ ശ്രേയസ്സ് ലക്ഷ്യമാക്കുന്നതാണ് നന്മ. ക്രിസ്തുമതത്തിന്റെ വാക്കുകളിൽ അതാണ് സ്നേഹം. എനിക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം എനിക്ക് തിന്നുക, കുടിക്കുക, ലൈംഗിക സുഖം നേടുക എന്നീ ലക്ഷ്യങ്ങളിലേക്ക് നീങ്ങിയാൽ ഭൗതിക വസ്തുക്കൾ പങ്കുവയ്ക്കപ്പെടാനാകും. പങ്കുവയ്ക്കപ്പെടാത്ത സമൂഹത്തിൽ ദാരിദ്ര്യം വർദ്ധിക്കുന്നു. പൊതുക്ഷേമം കുറയുന്നു. സ്വാതന്ത്ര്യം നിലനിർത്താനുള്ള സാഹചര്യം അപ്രത്യക്ഷമാകുന്നു.

സ്നേഹത്തിന്റെ അഭാവം സൃഷ്ടിച്ച ഇടങ്ങളായി ഇന്ന് പല സർക്കാർ സ്ഥാപനങ്ങളും അനുഭവപ്പെടുന്നു. ഭൂരിഭാഗം രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരും സേവനം ചെയ്യുന്നവരല്ല. പ്രത്യുത ജനങ്ങളുടെ സ്വാതന്ത്ര്യത്തിന് വിഘാതം നിൽക്കുന്നവരാകുമ്പോൾ ക്ഷേമം കുറയുന്നു. ഞാൻ നിനക്ക് എന്ത് നന്മ ചെയ്തു തരണമെന്ന് ഓരോ രാഷ്ട്രീയ നേതാവും, സർക്കാർ ഉദ്യോഗസ്ഥനും ജനത്തോട് ചോദിക്കുമ്പോൾ പൊതു ക്ഷേമം വർദ്ധിക്കുന്നു. സ്വാതന്ത്ര്യം രാഷ്ട്രീയ ഘടനയിലൂടെ അനുഭവിക്കാൻ കഴിയുന്നു. എന്നാൽ നിന്നിൽ നിന്ന് എനിക്ക് എന്ത് നന്മ ലഭിക്കുമെന്ന് ഓരോ രാഷ്ട്രീയ നേതാവും സർക്കാർ ഉദ്യോഗസ്ഥനും ചോദിക്കുമ്പോൾ പൊതുക്ഷേമം കുറയുന്നു, സ്വാതന്ത്ര്യം ഇല്ലാതാകുന്നു.

നിറം പകരൂ നിങ്ങളുടെ വൈവാഹിക സ്വപ്നങ്ങൾക്ക്!

എല്ലാ മേഖലയിൽ ഉള്ളവർക്കും അനുയോജ്യമായ പങ്കാളിയെ കുറഞ്ഞ ചെലവിൽ കണ്ടെത്താൻ പ്രോ–ലൈഫ് മാട്രിമോണി അവസരമൊരുക്കുന്നു

- സ്ത്രീകൾക്ക് തികച്ചും സൗജന്യം
- പുരുഷന്മാർക്ക് 500 രൂപ മാത്രം
- എല്ലാവിധ ആധുനിക സംവിധാനങ്ങളോടും കൂടിയ മാട്രിമോണിയൽ സർവീസ്
- സഹായത്തിന് കസ്റ്റമർ കെയർ എക്സിക്യൂട്ടീവുകൾ
- വിധവകൾ, വിഭാര്യർ, വിവാഹ മോചിതർ, അംഗപരിമിതർ എന്നിവർക്കായി പ്രത്യേക വിഭാഗം
- പ്രോലൈഫ് മാരിയിൽ നിന്ന് പങ്കാളിയെ കണ്ടെത്തുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം

CALL NOW
● 85909 90889
● 623 544 5544

Download Mobile App: tinyurl.com/prolifemarry

KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്

ProLifeMarry.com
www.ProlifeMarry.com

സ്വർഗ്ഗവാസത്തിന്റെ
10-ാം വർഷം (17–06–2023)



മേരി ജോൺ ആരനോലിക്കൽ
കുണ്ടായിത്തോട്, കോഴിക്കോട്
പ്രാർത്ഥനകളോടെ ഭർത്താവ് എ.ജെ. ജോൺ,
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

13–ാം ചരമവാർഷികം
(04–08–2023)



ജോർജ് കുര്യൻ കച്ചിറമറ്റം
കുന്നപ്പള്ളി, പെരിന്തൽമണ്ണ
ജനനം: 07–12–1949 മരണം: 04–08–2010
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# വനനിയമങ്ങളിൽ കുരുങ്ങുന്ന കർഷകർ

**മലയോര മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് അവബോധം നൽകുന്നതിന് ശ്രമിക്കുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും അരാഷ്ട്രീയ വാദികൾ എന്ന് മുദ്ര കുത്തി ഉദ്യമങ്ങളിൽ നിന്നു മാറ്റി നിർത്തുന്നതിനു ശ്രമങ്ങൾ നടക്കുന്നു**



കവർസ്റ്റോറി
അഡ്വ. ജോണി കെ. ജോർജ്

ലോകം മുഴുവൻ ജനങ്ങളുടെ ജീവിതസൗകര്യങ്ങളുടെ ഉയർച്ചയ്ക്ക് ശാസ്ത്രവളർച്ചയെ ആശ്രയിച്ച് മുന്നോട്ടു കുതിക്കുന്നു. കേരളത്തിലെ നഗരങ്ങളും പശ്ചാത്തല വികസനത്തിലൂടെയും വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ വളർച്ചയിലൂടെയും പുരോഗമിക്കുമ്പോൾ നഗരപ്രദേശത്തിലെ ഭൂമിയുടെ മൂല്യം ലക്ഷങ്ങളിൽ നിന്ന് കോടികളിലേക്ക് ഉയരുന്നു. എന്നാൽ മലയോര മേഖല വികസന വിരുദ്ധ അതി തീവ്രപരിസ്ഥിതി നിയമങ്ങൾ കൊണ്ട് വികസനം മുരടിച്ച് ആളൊഴിഞ്ഞ ഗ്രാമങ്ങളായി മാറുന്നു. ജനതാൽപര്യത്തിന് വിരുദ്ധമായി കർഷകന്റെ സ്വകാര്യ കൈവശ ഭൂമികളിലേക്ക് അന്യായമായി അടിച്ചേൽപ്പിക്കുന്ന പരിസ്ഥിതി നിയമങ്ങൾ മൂലം കുടിയൊഴിപ്പിക്കപ്പെടുകയാണ് മലയോര ജനത. പട്ടണങ്ങളിലെ ദന്തഗോപുരങ്ങളിൽ ഇരുന്ന് കാൽപനിക പ്രകൃതി തീവ്രവാദം വിളമ്പുന്നവരുടെ ആവശ്യങ്ങൾക്കനുസരിച്ച് നിയമനിർമാണം അട്ടിമറിക്കപ്പെടുമ്പോൾ സാധാരണക്കാർ എവിടെ എങ്ങനെ പ്രതികരിക്കണം എന്നോ, എന്താണ് അടിസ്ഥാനപരമായ പ്രശ്നം എന്നോ, ആരാണ് ശത്രു, ആരാണ് മിത്രം, എന്നോ മനസ്സിലാക്കാൻ കഴിയാതെ നിരാലംബരായി, നിശബ്ദരായി, തലമുറകളായി കഠിനാധ്വാനം ചെയ്തു സ്വരുക്കൂട്ടിയതൊക്കെ ഉപേക്ഷിച്ചു കുടിയിറങ്ങിക്കൊണ്ടിരിക്കുകയാണ്.

## മലയോരത്തെ കെണിയിൽ വീഴ്ത്തും കരിനിയമങ്ങൾ

കേരളത്തിലെ നൂറിൽപരം ഗ്രാമപഞ്ചായത്തുകളിൽ അധിവസിക്കുന്ന 30 ലക്ഷത്തിൽ പരം ജനങ്ങളെ തങ്ങളുടെ സ്വകാര്യ ഭൂമിയിൽ ഇഷ്ടമുള്ള കൃഷി ചെയ്യാനോ, വീടുവയ്ക്കാനോ, കെട്ടിടം നിർമിക്കാനോ, കിണർ കുഴിക്കാനോ, രാസവളമോ കീടനാശിനിയോ ഉപയോഗിക്കാനോ, വ്യാവസായിക ആവശ്യങ്ങൾക്ക് വിനിയോഗിക്കാനോ അനുവദിക്കാത്ത തരത്തിൽ നിയന്ത്രണങ്ങൾ അടിച്ചേൽപിക്കുന്ന കരിനിയമങ്ങളുടെ പട്ടിക നീളുകയാണ്. വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പരിസ്ഥിതി സംവേദക മേഖല എന്ന് പേരിട്ടു വിളിക്കുന്ന ecologicaly sensitive zone (ESZ) അല്ലെങ്കിൽ ബഫർ സോൺ, പശ്ചിമഘട്ടത്തെ പ്രത്യേകമായി സംരക്ഷിക്കുന്നു എന്ന പേരിൽ മലയോരഗ്രാമങ്ങളെ മരവിപ്പിച്ചു നിർത്തുന്നതിന് കൊണ്ടുവരുന്ന ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ (ESA) എന്ന പരിസ്ഥിതി ലോല മേഖല, കൃഷി ചെയ്യാത്ത ഭൂമികൾ പിടിച്ചെടുത്തു കർഷകന് പതിച്ചു നൽകാൻ 1971 ൽ സംസ്ഥാന സർക്കാർ പാസാക്കിയ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കിലും പതിച്ചു നൽകലും) നിയമത്തെ ദുർവ്യാഖ്യാനം ചെയ്തു റവന്യൂ ഭൂമി വനം ആക്കി മാറ്റൽ, 01–01–1977 മുൻപ് കൈവശം ലഭിച്ച ഭൂമികൾക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പ് അന്യായ തടസ്സം സൃഷ്ടിക്കുന്നതിന് ഉപയോഗിക്കുന്ന 1980 പാസാക്കിയ കേന്ദ്രനിയമമായ ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, സ്വകാര്യ കൈവശഭൂമികളിൽ കർഷകൻ നട്ടുവളർത്തിയ മരങ്ങളിൽ സർക്കാരിന് അന്യായമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് സഹായിച്ച 1986 ലെ കേരള വൃക്ഷ സംരക്ഷണ നിയമം, 1960 ലെ ഭൂപതി നിയമത്തിൽ നിയമനിർമ്മാണ ഉദ്ദേശ്യമായി ചിന്തിക്കുക പോലും ചെയ്തിട്ടില്ലാത്ത സ്വകാര്യഭൂമിയിൽ നിൽക്കുന്ന മരങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിനായിരിക്കും എന്ന തരത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവന്ന ചട്ടങ്ങൾ, ഇടുക്കി ഉൾപ്പെടെയുള്ള മലയോരമേഖലയിൽ ഒരു കടമുറി പോലും പണിയാൻ പാടില്ല എന്ന തരത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവന്ന 1964 ലെ ഭൂപതിവ് ചട്ടം, ഫുഡ് പ്രൊഡക്ഷൻ ഏരിയ (F.P.) എന്ന പേരിൽ ഏതാനും വില്ലേജുകളിൽ മാത്രം അടിച്ചേൽപ്പിച്ചിട്ടുള്ള ചില പ്രത്യേക നിയന്ത്രണങ്ങൾ, വനം വകുപ്പിന് തേർവാഴ്ച നടത്തുന്നതിന് വാതായനങ്ങൾ തുറന്നിട്ടിട്ടുള്ള കേരള വന നിയമം 1961, കേന്ദ്ര നിയമമായ വന്യജീവി സംരക്ഷണ നിയമം 1972 എന്നിങ്ങനെ പൊതു സമൂഹത്തിൽ ചർച്ചയാകാതെ പാസാക്കപ്പെട്ട, കേരളത്തിന്റെ മലയോരമേഖലയെ മരണ കുരുക്കിൽ വീഴിക്കുന്ന കരി നിയമങ്ങൾ ഏറെയാണ്.

## ഏകവനമെന്ന ഗൂഢലക്ഷ്യം


മലയോരമേഖലയെ വനവൽക്കരണമെന്ന ലക്ഷ്യത്തിന്റെ മറപിടിച്ച് കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വേർപെട്ട് കിടക്കുന്ന വനങ്ങളെ തെക്കുമുതൽ വടക്കുവരെ ഏക വനമാക്കി ഒരുമിച്ചു ചേർക്കുക എന്ന ഗൂഢലക്ഷ്യം നടപ്പാക്കുന്നതിന് വേണ്ടി അണിയറ നീക്കങ്ങൾ വളരെ മുൻപു തന്നെ ആരംഭിച്ചിരുന്നു എന്ന് വേണം മനസ്സിലാക്കാൻ.

മലയോര മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് അവബോധം നൽകുന്നതിന് ശ്രമിക്കുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും അരാഷ്ട്രീയ വാദികൾ എന്ന് മുദ്ര കുത്തി ഉദ്യമങ്ങളിൽ നിന്നും മാറ്റി നിർത്തുന്നതിനും ശ്രമങ്ങൾ നടക്കുന്നുണ്ട്. എങ്കിലും മലയോര മേഖലയെ ഞെരിച്ചു കൊല്ലുന്ന ഭരണകൂട ഭീകരതയിൽ നിന്നും മോചനമില്ല എന്ന ബോധ്യത്തെ മറികടക്കാൻ വ്യക്തികളും പ്രസ്ഥാനങ്ങളും നടത്തുന്ന ബോധവൽക്കരണ ശ്രമങ്ങൾ വലിയ പ്രതീക്ഷ നൽകുന്നുണ്ട്.

## എനിക്കായി ആരു സംസാരിക്കും?

ഭരണഘടന നൽകുന്ന സമത്വം എന്ന അടിസ്ഥാന അവകാശം നിഷേധിക്കപ്പെടുമ്പോൾ അതിനെ ആര് എതിർക്കണം? ആര് ശബ്ദം ഉയർത്തണം? എന്നുള്ള സംശയങ്ങൾ ഉയരും.

എനിക്കുവേണ്ടി മറ്റുള്ളവർ സംസാരിക്കും. ഈ വിഷയങ്ങളിൽ ഇടപെടാനുള്ള കഴിവും പ്രാപ്തിയും എനിക്കില്ല, മറ്റുള്ളവരെ ബാധിക്കുന്നത് മാത്രമേ എന്നെയും ബാധിക്കൂ, അതിനാൽ അവർ സംസാരിക്കട്ടെ എന്ന ചിന്തയാണ് പലരിലും ഉള്ളത്. ചവിട്ടി നിൽക്കുന്ന മണ്ണ് നമ്മുടെ കാൽക്കീഴിൽ നിന്ന് ഒഴുകി പ്പോകുമ്പോൾ അതിനുള്ള നിയമനിർമാണത്തിന് ചുക്കാൻ പിടിച്ചവർ നമുക്കു മുന്നിലുണ്ട്. ഈ തിരിച്ചറിവിലും ചില മുഖ്യധാരാ സംഘടനാ സംവിധാനങ്ങൾ പറയുന്നതിനപ്പുറത്തേക്ക് നാവ് അനക്കാൻ ശേഷിയില്ലാതെ അടിമകളായിപ്പോയ സമൂഹം കരി നിയമങ്ങൾക്കെതിരെ മൗനം അവലംബിക്കുകയാണ്. ഇവിടെയാണ് ആര് പ്രതികരിക്കും എന്ന ചോദ്യത്തിന്റെ പ്രസക്തി. 'ഞാൻ 'എന്ന ഉത്തരം പറയാൻ തയാറുണ്ടോ? അങ്ങനെ ഒരു ഉത്തരം സ്വയം പറയാത്തിടത്തോളം കാലം മലയോര മേഖലയിൽ ജീവിക്കുന്ന മനുഷ്യരുടെ മനുഷ്യാവകാശങ്ങളും ഭരണഘടനാ അവകാശങ്ങളും കപട പരിസ്ഥിതി വാദത്തിന്റെ കാൽകീഴിൽ ഞെരിഞ്ഞമരുന്നത് മൂകസാക്ഷിയായി കണ്ടു നിൽക്കാൻ മാത്രമേ അവബോധം നൽകണമെന്ന് ആഗ്രഹിക്കുന്ന വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും കഴിയുകയുള്ളൂ.



പേജ് ആറിൽ തുടരുന്നു ▸

P V S NURSING SCHOOL
(Recoganized by Indian Nursing Council &
Kerala Nurse's & Midwives Council)
Railway Station Road, Kozhikode-2,
PH:0495 2301133, 9847027868

Applications are Invited for 45th Batch Admission to Diploma in General Nursing & Midwifery Course Duration 3 Years

a) Educational Qualification: Pass in Plus Two/ VHSE/NIOS/CBSE any Group with minimum 40% marks
b) Age: Minimum 17 years and maximum 35 years as on 31-12-2023



Last Date of Receipt of application
20-07-2023, Before 4.00 P.M

# പരിസ്ഥിതിവാദത്തിലെ കാപട്യം

**വന്യജീവികളെ ഉപയോഗിച്ച് മലയോര മേഖലയിലെ മനുഷ്യനെ കുടിയിറക്കി നടത്തി കേരളത്തിന്റെ കിഴക്കൻ മലയോര മേഖല വനവൽക്കരണം നടത്തുന്നതിനെതിരെ ശക്തമായ ബോധവൽക്കരണവും പ്രതികരണവും ഉണ്ടാകണം**

● *പേജ് അഞ്ചിൽ നിന്ന് തുടർച്ച*



കേരളത്തിൽ ബുദ്ധിജീവി ഗണത്തിൽ ഉൾപ്പെടുത്തുന്നതിന്റെ അടിസ്ഥാന യോഗ്യത കേരളത്തിന്റെ പരിസ്ഥിതി തകർന്നു എന്ന് മുറവിളികൂട്ടുകയെന്നതാണ്. നഴ്സറിക്കുഞ്ഞുങ്ങൾ മുതൽ ഉപരി വിദ്യാഭ്യാസ കലാലയങ്ങളിലെ ബുദ്ധിജീവികൾ വരെ കുടിയേറ്റക്കാരെ ശത്രുപക്ഷത്ത് നിർത്തി ജൈവ കേന്ദ്രീകൃതമാണ് ഭൂമിയെന്ന അയഥാർത്ഥ്യത്തിന്റെ വിഷവിത്തുകൾ പാകുകയാണ് ചെയ്യുന്നത്. പരിസ്ഥിതി തീവ്രവാദികളുടെ വാദങ്ങളെ പ്രതിരോധിക്കാതെ വസ്തുതകളും യാഥാർത്ഥ്യങ്ങളും തിരയുന്നതിനും പുനർചിന്തനം നടത്തുന്നതിനും മെനക്കെടാതെ സാമാന്യജനം അത് വിശ്വസിക്കുന്നു.

ഭാരതത്തിന്റെ 1.18 ശതമാനം മാത്രം വിസ്തൃതിയുള്ള കൊച്ചുകേരളത്തിൽ 38863 ചതുരശ്ര കിലോമീറ്റർ സ്ഥലത്തിന്റെ 29.65% വനം ഉള്ളപ്പോൾ ദേശീയ ശരാശരി 18% മാത്രം. കൈവശഭൂമികളിൽ ഉൾപ്പെടെ 54% വൃക്ഷാവരണം കേരളത്തിൽ ഉള്ളപ്പോൾ ദേശീയ ശരാശരി വെറും 24%. എന്നാൽ ജനസാന്ദ്രത ദേശീയ ശരാശരിയുടെ ഇരട്ടിയിൽ അധികമായ ചതുരശ്ര കിലോമീറ്ററിൽ 860 ന് മുകളിൽ. അതായത് കേരളത്തിന്റെ പലമടങ്ങ് വിസ്തൃതിയുള്ള പലസംസ്ഥാനങ്ങളിലും കേരളത്തിൽ സംരക്ഷിക്കുന്നതിന്റെ നാലിലൊന്നു വനം പോലും സംരക്ഷിക്കുന്നില്ല. 2008 മുതൽ 2018 വരെ കേരളത്തിൽ 20000 ഹെക്ടർ വനഭൂമി കൂടിയതായി നിയമസഭയിൽ വച്ച കണക്കുകളിൽ പറയുന്നു. ഇതാണ് യാഥാർഥ്യം എന്നിരിക്കെ ഇവിടെ ഗൂഢശക്തികൾ ദുരുദ്ദേശ്യപരമായി പ്രചരിപ്പിക്കുന്നത് കേരളത്തിൽ വനം കുറയുന്നു, മനുഷ്യർ കാടു കയ്യേറുന്നു, തുടങ്ങിയ അടിസ്ഥാന രഹിതമായ ആരോപണങ്ങളാണ്. നിരന്തരമായി പറഞ്ഞു പൊതുസമൂഹത്തെ സത്യം എന്ന് വിശ്വസിപ്പിച്ച ഇത്തരം നുണകൾ മലയോര മേഖലയിലെ ജനങ്ങൾ പോലും വിശ്വസിക്കുന്നു എന്നുള്ളതാണ് അതിശയകരം. അതിന് ഉദാഹരണമാണ് 74% വൃക്ഷാവരണമുള്ള വയനാട് ജില്ലയിൽ പോലും ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എങ്കിലും മരം നടീൽ യജ്ഞവുമായി വാർത്തകളിൽ ഇടം നേടുന്നത്. ചിലർ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള പ്രകൃതി പുനഃസ്ഥാപന മുദ്രാവാക്യവുമായി വരും. നിയമം ഉണ്ടാകുന്നതിനു മുൻപേ നിയമലംഘനം ഉണ്ടായി എന്നാണ് അവരുടെ കണ്ടെത്തൽ. 1947 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യം കിട്ടുന്നതിനും 1949 നവംബർ 26 ന് ഇന്ത്യയ്ക്ക് ഒരു ഭരണഘടന ഉണ്ടാകുന്നതിനും, 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകരിക്കുന്നതിനും 1961 ൽ വന നിയമവും 1972 വന്യജീവി സംരക്ഷണ നിയമവും ഉണ്ടാകുന്നതിനും നൂറ്റാണ്ടുകൾക്ക് മുമ്പേ മലയോര മേഖലയിൽ ജനവാസവും കൃഷിയുമുണ്ടായിരുന്നുവെന്ന് ഇക്കൂട്ടർ സൗകര്യപൂർവം മറക്കുന്നു. അവർക്ക് ഒറ്റവാക്കിൽ ഉള്ള മറുപടി, മലയോരമേഖലയ്ക്ക് വേറെ ഭരണഘടന ഇല്ല ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത് മലയോരമേഖലയ്ക്ക് കൂടി ചേർത്താണ് എന്ന് മാത്രമാണ്.

## കാട്ടിലെ മൃഗപ്പെരുപ്പം

ഇത്തരത്തിൽ പ്രചരിപ്പിക്കപ്പെട്ട നുണയാണ് വന്യമൃഗങ്ങളുടെ എണ്ണം കുറയുന്നു എന്നത്. യഥാർഥത്തിൽ കേരളത്തിലെ വനങ്ങളിൽ ഉൾക്കൊള്ളിക്കാവുന്നതിൽ എത്രയോ ഇരട്ടിയിലധികം ആണ് വന്യമൃഗങ്ങളുടെ എണ്ണം. ആയിരം കാട്ടാനകളിൽ താഴെ മാത്രം ഉൾക്കൊള്ളിക്കാവുന്ന കേരളത്തിലെ വനങ്ങളിൽ ഇന്നുള്ളത് പതിനായിരത്തിലധികം കാട്ടാനകളാണ്. ഇവിടെ വന്യമൃഗ ആക്രമണങ്ങളിൽ മനുഷ്യർ മരിക്കുമ്പോൾ അതിൽ പോലും വർഗീയതയുടെ വിഷവിത്തുകൾ വിതയ്ക്കാനാണ് ചിലരുടെ ശ്രമം.

മനുഷ്യൻ എന്ന വർഗം അനിയന്ത്രിതമായി പെറ്റുപെരുകുന്നു എന്നാണ് അടുത്ത ആരോപണം. എന്നാൽ യാഥാർഥ്യം എന്താണ്. 1950 കളിൽ ഇന്ത്യയുടെ Total Fertiltiy Rate (TFR) 5.9. അതായത് ഒരു ദമ്പതികൾക്ക് ജനിക്കുന്നത് 5.9 കുട്ടികൾ. 1957 മുതൽ 1965 വരെ 5.7. അതിനുശേഷം ഈ നിരക്ക് കുത്തനെ താഴേക്ക് വന്നു. 2002 വർഷത്തിൽ 2.9. അത് വീണ്ടും കുറഞ്ഞ 2021 ആയപ്പോൾ 2.179. അതായത് 2.1 എന്ന റീപ്ലേസ്മെന്റ് ലെവലിന് തൊട്ടുമുകളിൽ. 2.1 താഴേക്ക് വരുന്നത് മനുഷ്യ വിഭവശേഷിയുടെ ശോഷണം ഉൾപ്പെടെയുള്ള ഗൗരവതരമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തും. എന്നാൽ ഇന്ന് കേരളത്തിലെ TFR 1.5% മാത്രമാണ്. വയോജന സംഖ്യ ദേശീയ ശരാശരി എട്ടു ശതമാനത്തിൽ നിൽക്കുമ്പോൾ കേരളത്തിൽ 13%. ദേശീയ കുടുംബ ആരോഗ്യ സർവേ (NFHC) വർഷാവർഷം പുറത്തുവിടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉള്ള വസ്തുതകളാണ്.

മനുഷ്യൻ ഭൂമിയിലെ ഒരു ജീവി മാത്രമാണ് എന്ന് വാദിക്കുന്ന മൃഗവാദികളോട് പറയാനുള്ളത് മൃഗങ്ങൾ ഇര തേടുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ മനുഷ്യൻ അവനു വേണ്ടത് ശാസ്ത്രീയമായി സൃഷ്ടിച്ചു ഭക്ഷിക്കുന്നവനാണ്. അവൻ നിർമിച്ച നിയമങ്ങളാണ് പ്രകൃതിയെയും വന്യജീവികളെയും ഒക്കെ സംരക്ഷിക്കുന്നത്.

എഴുപതു ശതമാനത്തിന് മുകളിൽ വൃക്ഷാവരണം ഉള്ള മലയോര മേഖലയിലെ പ്രകൃതിയെ സംബന്ധിച്ച് ദന്തഗോപുരവാസികൾക്ക് ഉള്ള ആശങ്ക നഗരവൽക്കരണത്തിന്റെ കാര്യത്തിൽ കാണുന്നില്ല. ശോഷണം ഉള്ളിടത്താണ് സംരക്ഷണം ആവശ്യം. എന്നാൽ വൈരുധ്യം എന്ന് പറയട്ടെ ഏറ്റവും നന്നായി പ്രകൃതി സംരക്ഷിക്കപ്പെടുന്ന സ്ഥലങ്ങളിലാണ് പ്രകൃതി തീവ്രവാദകരി നിയമങ്ങളാൽ ജനങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നത്.

ഇനി തിരുത്തപ്പെടേണ്ടത് കേരളത്തിലെ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമിയെ വേർതിരിക്കുന്ന അവകാശവാദമാണ്. അതായത് ഞങ്ങൾ താമസിക്കുന്നത് രാജാക്കന്മാരുടെ കാലത്ത് പ്രമാണം കിട്ടിയ ഭൂമിയാണ്, നിങ്ങളുടെ ഭൂമി ജനാധിപത്യസർക്കാർ വന്നതിനു ശേഷം രേഖ ലഭിച്ച ഭൂമിയാണ്. കേരളത്തിലെ ഭൂമിയുടെ പ്രമാണങ്ങളുടെ ഏറ്റവും വലിയ പഴക്കം 158 വർഷമാണ്. മലബാർ മേഖലയിൽ 1865 ലും കൊച്ചി മേഖലയിൽ 1875 ലും തിരുവിതാംകൂർ മേഖലയിൽ 1868 ലും മാത്രമാണ് ഭൂമി രജിസ്ട്രേഷൻ ആരംഭിച്ചത്. അതായത് കേരളത്തിലെ ഭൂമികളുടെ രജിസ്റ്റർ ചെയ്ത ഏറ്റവും പഴക്കമുള്ള പ്രമാണത്തിന് 158 വയസ്സ് മാത്രമേ പ്രായമുള്ളൂ എന്ന് സാരം. പതിനഞ്ചാം നൂറ്റാണ്ട് വരെ അറബി വ്യാപാരികളും തുടർന്ന് പോർച്ചുഗീസുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും ഈസ്റ്റ് ഇന്ത്യ കമ്പനിയും കേരളത്തിലേക്ക് വന്നത് മലയോരമേഖലയിൽ വിളഞ്ഞിരുന്ന സുഗന്ധദ്രവ്യങ്ങൾ വ്യാപാരം നടത്തുന്നതിന് വേണ്ടിയായിരുന്നു. അതായത് അന്നും മലയോര മേഖലയിൽ ജനവാസം ഉണ്ടായിരുന്നു. തിരുവിതാംകൂർ റീജന്റ് റാണി ഗൗരി പാർവതി ഭായി തമ്പുരാട്ടിയുടെ കുടിയേറ്റ വിളംബരം 1822 ഏപ്രിൽ മാസം 29 ന് ആയിരുന്നു. അതായത് കേരളത്തിൽ ഏറ്റവും പഴക്കമുള്ള റജിസ്റ്റർ ചെയ്ത പ്രമാണം ഉണ്ടാകുന്നതിനും 43 വർഷങ്ങൾക്ക് മുമ്പ് കുടിയേറ്റ വിളംബരം നടത്തി മനുഷ്യരെ നിർബന്ധപൂർവം മലയോര മേഖലയിലേക്ക് പറഞ്ഞയച്ചിരുന്നുവെന്ന് അർത്ഥം. പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മലയോരമേഖലയെ അപമാനിക്കുന്ന പ്രസ്താവനകളുടെ പൊള്ളത്തരം വെളിവാകുന്നതിന് വലിയ ഗവേഷണത്തിന്റെ ആവശ്യമില്ല.

വന്യജീവികളെ ഉപയോഗിച്ച് മലയോര മേഖലയിലെ മനുഷ്യനെ കുടിയിറക്കി നടത്തി കേരളത്തിന്റെ കിഴക്കൻ മലയോര മേഖലയിൽ വനവൽക്കരണം നടത്തുന്നതിനെതിരെ ശക്തമായ ബോധവൽക്കരണവും പ്രതികരണവും ഉണ്ടാകുന്നില്ല എങ്കിൽ കൊടുംവറുതിയിൽ മനുഷ്യൻ പട്ടിണി കിടന്ന് മരിച്ചുകൊണ്ടിരുന്ന കാലത്ത് തലമുറയെ നിലനിർത്തുന്നതിന് വേണ്ടി പടവെട്ടുന്നതിന് അരയും തലയും മുറുക്കി മല കയറിയ മൺമറഞ്ഞുപോയ തലമുറയോട് കാണിക്കുന്ന നന്ദികേടായിരിക്കും എന്നും തിരിച്ചറിയണം.

**മലബാർ വിഷൻ മാട്രിമോണിയൽ**

**വധുവിനെ അന്വേഷിക്കുന്നു**

● താമരശ്ശേരി രൂപത RC യുവാവ്,
27 വയസ്, 170 cm ഉയരം.
MA Economics, B.Ed.
ഇംഗ്ലീഷ് മീഡിയം സ്കൂളിൽ
അധ്യാപകൻ. അനുയോജ്യമായ
വിവാഹാലോചനകൾ
ക്ഷണിക്കുന്നു.
ഫോൺ: 9447853736

പരസ്യങ്ങൾ നൽകാൻ
വാട്സാപ്പ് 97 44 99 555 3

**IN EVER LOVING MEMORY OF**

25th Birthday in Heaven



**LIJO JOHN**
**KOLLANNOOR, MAYANAD**
19-08-1972 08-05-1998

20th Birthday in Heaven



**K.J. JOHNY**
**KOLLANNOOR, MAYANAD**
07-10-1945 10-07-2003

42nd Birthday in Heaven



**LIJI JOHN**
**KOLLANNOOR, MAYANAD**
22-10-1974 24-04-1981

God above knew what was the best,
And called them to His garden of rest, Beautiful memories they left behind...


# സ്ത്രീ ഇന്നും കരയുന്നു

**ഇന്നത്തെ അമ്മമാരുടെ പ്രധാനപ്പെട്ട സങ്കടത്തിന് കാരണം തങ്ങളുടെ മക്കളെ നോക്കി, ഇവർ പറയുന്നതുപോലെ ചെയ്യുക എന്ന് മറ്റുള്ളവരോട് പറയാനുള്ള ആത്മധൈര്യം അവർക്ക് ഇല്ലാതെ പോകുന്നു എന്നതാണ്**



**സമകാലികം**

**സിസ്റ്റർ ജിനു MSJ**



'ഹവ്വാ' മനുഷ്യകുലത്തിന്റെ ആദ്യ മാതാവ് ഇന്നും പൊട്ടികരയുന്നതിന്റെ കാരണം ദൈവം പറുദീസയിൽ നിന്ന് ഇറക്കി വിട്ടതിനല്ല, ഏദൻ തോട്ടം നഷ്ടപ്പെടുത്തിയതിനല്ല, പൊരിവെയിലിൽ അധ്വാനിക്കേണ്ടിവന്നതിനല്ല, സർവ കുറ്റവും ആരും തന്റെ തലയിൽ കെട്ടിവച്ചതിലല്ല. എന്നാൽ ഇന്നും ഈ ഹവ്വായുടെ മക്കൾ പിച്ചിച്ചീന്തപ്പെടുന്നതാണവളുടെ ദുഃഖം. സ്ത്രീ ചൂഷണം ചെയ്യപ്പെടുന്നതാണ് അവളുടെ വേദന, മാതാപിതാക്കളും മക്കളും കൈകോർക്കേണ്ട കുടുംബങ്ങൾ ശിഥിലമാകുന്നതാണ് അവളുടെ നൊമ്പരം. പോട്ടെ, സാരമില്ലെന്ന് പറയുന്ന വ്യക്തികൾ ഇല്ലാത്തതാണ് അവളുടെ രോദനം. യൗവ്വനം മൊട്ടിടാത്ത ആൺ/പെൺ മക്കളുടെ ലഹരിയുടെ ആസക്തിയും പരസ്പരം ചൂഷണം ചെയ്യപ്പെടുന്നതുമാണ് അവളെ ഭയപ്പെടുത്തുന്നത്. മാതൃത്വം നഷ്ടപ്പെട്ട സ്ത്രീകളെ അവൾ അവജ്ഞയോടെ നോക്കുന്നു. പാപത്തിന്റെ ഗർഭം ഉദരത്തിൽ വച്ചുതന്നെ ഹനിക്കുന്ന നവയുഗമാതാക്കൾ അവളെ ദുഃഖിപ്പിക്കുന്നു. അങ്ങനെ നീളുന്നു ഹൗവ്വയുടെ കണ്ണീരിന്റെ കാരണങ്ങൾ.

സ്ത്രീ ജീവിച്ചിരിക്കേണ്ടത് ഈ സമൂഹത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഇന്നത്തെ സാഹചര്യങ്ങളെ മുൻനിർത്തി അപഗ്രഥിച്ചാൽ സ്ത്രീ ഭാവങ്ങൾ കൈമോശം വന്നപ്പോഴാണ് ഇത്രയധികം ക്രൂരതകൾ ഈ ലോകത്തിൽ നുഴഞ്ഞുകയറിയത്. സ്പന്ദിക്കുന്ന സമൂഹത്തെ കെട്ടിപ്പടുക്കുന്നതിൽ ഒരു സ്ത്രീ ഭാവത്തിന് പ്രത്യേകിച്ചും ഒരമ്മയ്ക്കുള്ള പങ്ക് എവിടെയോ വച്ച് നഷ്ടപ്പെട്ടിരിക്കുന്നു. ഈ അപചയത്തിന്റെ ഇരകൾ സമൂഹത്തിന്റെ കേന്ദ്രമായ കുഞ്ഞുങ്ങളും ഒപ്പം സ്ത്രീകളും തന്നെ.

ഒരു പുതിയ തലമുറയെ നോക്കിവളർത്താനുള്ള അസാമാന്യപാടവം സ്ത്രീക്കുണ്ട്. ആ ഒരു കണ്ണ് ഒരമ്മ എപ്പോൾ പിൻവലിക്കുന്നുവോ, ഭാര്യ എപ്പോൾ പിൻവലിക്കുന്നുവോ, സഹോദരി എപ്പോൾ പിൻവലിക്കുന്നുവോ അപ്പോൾ മനുഷ്യകുലത്തിന്റെ ക്രമം തെറ്റിക്കുന്ന തിന്മ സംഭവിക്കുന്നു. ഒരു സ്ത്രീയുടെ ക്രിമിനൽ സ്വഭാവത്തിന് പിന്നിൽ ഒരു സ്ത്രീയുണ്ട്. അല്ലാതെ ഒരു സ്ത്രീയും ദുഷ്ടയായി ജനിക്കുന്നില്ല. സാഹചര്യങ്ങൾ മൂലം അവരുടെ മനസ്സ് കഠിനമാക്കുന്നെങ്കിൽ ഒരു ഭീകര അന്തരീക്ഷവും താളം തെറ്റിയ കുടുംബവും, ക്രമം തെറ്റിയ ജീവിതങ്ങളും, ദുഷ്ടതയിൽ വേരൂന്നിയ സമൂഹവും രൂപപ്പെടും. കാരണം മൃദുലമായിട്ടുള്ള സ്ത്രൈണ മനസ്സുള്ള കുടുംബങ്ങളുടെ ഒന്നിച്ചുചേരലാണ് മനോഹരമായ ഒരു സമൂഹം.

പരിശുദ്ധ അമ്മയുടെ ജീവിതത്തിലേക്ക് കടന്നു ചെന്നാൽ അമ്മ ചില സ്വപ്നങ്ങൾക്കുവേണ്ടി മറ്റ് സ്വപ്നങ്ങൾ വേണ്ടന്നുവച്ചു എന്നു കാണാം. അവൾ ദൈവത്തിന്റെ അടിമയായിട്ടല്ല കൂട്ടുപങ്കാളിയായി തന്നെ ജീവിച്ചു. സ്വതന്ത്രമായി ജീവിച്ചതുകൊണ്ട് അമ്മ രക്ഷാകര ജീവിതത്തിൽ അഭിമാന പാത്രമായി തീർന്നു, ഒരമ്മയുടെ സമസ്തഭാവങ്ങളും പ്രകടമാക്കി. അപമാനപാത്രവും അഭിമാനപാത്രവുമാകാൻ ഒരു സ്ത്രീയ്ക്ക് കഴിയും. അപമാനപാത്രമാകുന്ന ഒരു സ്ത്രീയുടെ പിന്നിൽ എപ്പോഴും ഒരു പുരുഷന്റെ സാന്നിദ്ധ്യമുണ്ട്.

പരിശുദ്ധ മാതാവിന് ദൈവത്തിൽ അഗാധമായ വിശ്വാസം ഉണ്ടായിരുന്നു. ആ വിശ്വാസമാണ് പിൽക്കാലത്ത് അവളുടെ ആത്മവിശ്വാസമായി മാറിയത്. ദൈവത്തിൽ വിശ്വസിക്കുന്ന ഏവരുടെയും ജീവിതം എന്തൊക്കെയാണെങ്കിലും ലോകത്തിന് ഒരു വിശേഷമായി മാറുമെന്നുള്ള വിശ്വാസം അമ്മയുടെ ജീവിതത്തെ മനോഹരമാക്കി. അമ്മ എപ്പോഴാണോ തന്റെ പുത്രനെ പൂർണമായി മനസിലാക്കുക അപ്പോഴാണ് അവൾക്ക് അവനിലുള്ള ആത്മവിശ്വാസം വർദ്ധിക്കുന്നത്. ഒരു പക്ഷേ പുത്രന്റെ ജീവിതം അതിന്റെ പരിപൂർത്തിയിൽ എത്തുന്നതിന് മുമ്പ് അവന്റെ ബാല്യകാലത്തിൽ തന്നെ മകനെപ്പറ്റിയുള്ള സമസ്ത വിചാരങ്ങളും ഹൃദയത്തിൽ സംഗ്രഹിച്ച് പിതൃകരങ്ങളിൽ സമർപ്പിക്കാൻ അമ്മയ്ക്ക് കഴിഞ്ഞു. ആ വിചാരങ്ങൾ ഒന്നും തന്നെ സംശയത്തിന്റെ വിചാരങ്ങൾ ആയിരുന്നില്ല. മറിച്ച് ഉറപ്പുകളുടെ ആത്മവിശ്വാസമായിരുന്നു. അതുകൊണ്ടാണ് അവൻ പറയുന്നതുപോലെ ചെയ്യാൻ കാനായിലെ കല്യാണവിരുന്നിന് പരിചാരകരോട് അമ്മ പറഞ്ഞത്. അവൻ പറയുന്നതുപോലെ ചെയ്താൽ അതിൽ തെറ്റായി ഒന്നും പരിണമിക്കില്ലെന്ന് മാതാവിന് ഉറപ്പുണ്ടായിരുന്നു.

ഒരു പക്ഷേ കർത്താവിന്റെ പരസ്യ ജീവിതത്തിൽ അമ്മ മകന് കൊടുത്ത ആദ്യത്തെ സഹകരണവും പിന്തുണയും മകനെ പറ്റിയുള്ള വ്യക്തമായ ധാരണകളായിരുന്നു. അമ്മ ചൂണ്ടിക്കാണിച്ചതുപോലെ മകൻ ചെയ്തപ്പോഴാണ് അവൻ സാധാരണക്കാരനല്ല എന്ന് തിരിച്ചറിയാൻ സാധിച്ചത്. ഇന്നത്തെ അമ്മമാരുടെ പ്രധാനപ്പെട്ട സങ്കടത്തിന് കാരണം തങ്ങളുടെ മക്കളെ നോക്കി, ഇവർ പറയുന്നതുപോലെ ചെയ്യുക എന്ന് മറ്റുള്ളവരോട് പറയാനുള്ള ആത്മധൈര്യം അവർക്ക് ഇല്ലാതെ പോകുന്നു എന്നതാണ്. അവർക്ക് മക്കളെ പറ്റി വ്യക്തമായ ധാരണയുണ്ട്. ഇത് അവരുടെ കുറ്റമല്ല. അവരുടെ നിസ്സഹായതയാണ്. എന്തെന്നാൽ അവരുടെ മാതാപിതാക്കളുടെ വിശ്വാസത്തിന്റെയോ, തറവാടിത്തത്തിന്റെയോ, സ്വഭാവസവിശേഷതകളുടേയോ, മൂല്യബോധത്തിന്റെയോ അവശേഷിപ്പുകളാവാൻ അവരുടെ മക്കൾക്ക് പറ്റുന്നില്ല. അതിന് സാധിക്കാത്ത രീതിയിൽ അവരുടെ മക്കളെ സ്വാധീനിക്കുന്ന എന്തൊക്കെയോ ഘടകങ്ങൾ ആന്തരികവും ബാഹ്യവുമായി അവനെ ബന്ധിച്ചിട്ടിരിക്കുന്നു. അവ ലോകസമ്പത്താകാം, സമപ്രായക്കാരുടെ സ്വാധീനമാകാം, അനന്തവിഹായസിൽ വ്യാപരിക്കാൻ ലഹരി വസ്തുക്കളാകാം, ദൈവം അനുവദിക്കാത്ത ബന്ധങ്ങളാകാം, തെറ്റായ ചെയ്തികളാകാം, അങ്ങനെ മേൽ പറഞ്ഞ കാര്യങ്ങൾ മാതാപിതാക്കളുടെ മൂല്യബോധത്തേക്കാൾ ദൈവവിശ്വാസത്തേക്കാൾ, ആശ്രയബോധത്തേക്കാൾ നമ്മുടെ കുരുന്നുകളുടെ ജീവിതത്തിന് കൂച്ചുവിലങ്ങുകൾ ഇടുന്നു. ഇവ ചിലപ്പോൾ കുടുംബത്തിന്റെ നാശത്തിലോ, സമൂഹത്തിന്റെ നാശത്തിലോ കലാശിക്കുമെന്ന ആശങ്ക അമ്മമനസുകളെ ഭയപ്പെടുത്തുന്നു.

സ്വപുത്രൻ നന്മനിറഞ്ഞവനാണ് എന്നറിഞ്ഞിട്ടും ദൈവമാണെന്ന് അറിഞ്ഞിട്ടും, മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി അതിന്റെ പരിപൂർണതയ്ക്ക് വേണ്ടി അവൻ മാത്രം വഹിച്ചാൽ പോരാ, അവനൊപ്പം താനും സഹിക്കണമെന്നുള്ള ഉറച്ച നിശ്ചയദാർഢ്യമാണ് കുരിശിന്റെ ചുവട്ടിൽ അടിപതറാതെ ആത്മവിശ്വാസത്തോടെ നിൽക്കാൻ പരിശുദ്ധ അമ്മയെ ധൈര്യപ്പെടുത്തിയത്. ഇന്ന് നമ്മുടെ മക്കൾ വളർന്നുവരുന്ന സാഹചര്യങ്ങൾ ദുരൂഹത നിറഞ്ഞതാണ്. കപടതകളുടെയും, വഞ്ചനകളുടെയും മൂർധന്യത്തിലുള്ള സംസ്കാരത്തിന്റെ ഭാഗമായി കേരളം മാറിക്കഴിഞ്ഞു. ചുരുക്കത്തിൽ ഒരു അമ്മമനസും ആശ്വസിപ്പിക്കപ്പെടുന്നില്ല.

മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ശ്വാസവായു പോലെ അഭിലഷണിയവും അത്യന്താപേക്ഷിതവുമായ ഒരു കാര്യമായി മനുഷ്യകുലത്തിന്റെ സ്ത്രൈണഭാവത്തെ വിശേഷിപ്പിക്കാറുണ്ട്. സ്വതന്ത്രമാക്കപ്പെട്ട ഒരു സത്രീ അവളുടെ മാത്രമല്ല മക്കളുടെയും ഭർത്താവിന്റെയും, പ്രകൃതിയുടെയും നിലനിൽപ്പിന് ആവശ്യമാണ്. സ്ത്രീയുടെ സ്വാതന്ത്ര്യം അവളല്ല പറയേണ്ടത്, അവൾ സംരക്ഷിക്കപ്പെടണം എന്ന് അവളല്ല പറയേണ്ടത്, നിയമങ്ങളല്ല, നിയന്ത്രണങ്ങളല്ല, മറിച്ച് പുരുഷന്മാരാണ്. കൂട്ടത്തിൽ യാത്ര ചെയ്യുന്നവനും ഒരുമിച്ച് വസിക്കുന്നവനും കൂടെ ജോലി ചെയ്യുന്നവനും, അവളെ കാണുന്നവനും, എന്നും എപ്പോഴും മനസിൽ കരുതേണ്ടത് അവൾ സംരക്ഷിക്കപ്പെടേണ്ടവളാണ് എന്നാണ്. അവൾ സ്വാതന്ത്രയാക്കപ്പെടുമ്പോൾ മനോഹരമായ സമൂഹം കെട്ടിപ്പടുക്കാൻ സാധിക്കും.

അവളിലെ സ്ത്രീഭാവം പുറത്ത് വരും അത് സുഖപ്പെടുത്തുന്ന ഭാവമാണ്. പടുത്തുയർത്തുന്ന ഭാവമാണ്, എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന ഭാവമാണ്, എല്ലാറ്റിനെയും പരിപാലിക്കുന്ന ഭാവമാണ്, അത് തന്നെയാണ് ദൈവിക ഭാവം. അങ്ങനെയാണ് മാതാവിലൂടെ മനുഷ്യർക്ക് രക്ഷ കൈവരാൻ ഇടയായത്.

സ്വതന്ത്രമാക്കപ്പെട്ട അമ്മമാരെയാണ് ഇന്ന് ആവശ്യം. ഇത് ആരിൽ നിന്നെങ്കിലും സ്വാതന്ത്ര്യം പ്രാപിക്കപ്പെടുക എന്നതിലപ്പുറം സ്വന്തം സത്വത്തിൽ നിന്ന്/ സ്വന്തം അഹത്തിൽ നിന്ന് / സ്വന്തം സ്വാർത്ഥതയിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കപ്പെട്ടവരേയാണ് ജീവസ്പന്ദനം നിലച്ചുകൊണ്ടിരിക്കുന്ന ഒരു വലിയ സമൂഹം ആഗ്രഹിക്കുന്നത്. അവർക്കാണ് ഇന്ന് ഏറെ സാധ്യതകൾ ഉള്ളത്. അവരാണ് ഈ ഭൂമിയെ ശരിക്കും മനോഹരമാക്കുന്നത്.

ഈ ഭൂമിയിൽ ജീവൻ നിലനിൽക്കാൻ ഏറ്റവും പ്രധാനമായി സഹകരിക്കേണ്ടത് മനുഷ്യനാണ്. മനുഷ്യവംശം ഏറ്റവും സർഗാത്മകമായി ഭൂമിയോട് പ്രതികരിക്കുമ്പോഴാണ് ഭൂമിയിൽ അമ്മമനസുകൾ രൂപപ്പെടുന്നത്.

ആദത്തിന്റെ കൂടെ ഏദൻ തോട്ടത്തിൽ ഇരുന്ന് പൊട്ടിക്കരഞ്ഞ ഹവ്വാ എന്ന അതേ സ്ത്രീയുടെ മനോഭാവത്തോടുകൂടി ആത്മവിശ്വാസമില്ലാതെ ഇന്നും ആശ്വാസം ലഭിക്കാതെ കരയുന്ന മനസിന്റെ, സ്ത്രീയുടെ, ചരിത്രമാണ് ഇന്ന് കേരളത്തിന്റെ ചരിത്രം. ആ യാഥാർത്ഥ്യമാണ് കേരളം ഇന്ന് പുനരവതരിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഭാരതാംബേ നിന്റെ സ്വാതന്ത്ര്യം എവിടെ? ആ സ്വാതന്ത്ര്യം എത്ര ദൂരം അകലെയാണ്?

## നിയമനം



● താമരശ്ശേരി രൂപതാ മുഖപത്രം മലബാർ വിഷന്റെ ചീഫ് എഡിറ്ററായി നിയമിതനായ ഫാ. റോണി പോൾ കാവിൽ. മാങ്കാവ് ഇടവക വികാരിയാണ്.

## നേട്ടം



● കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട താമരശ്ശേരി രൂപതാ വൈദികനും തിരുവമ്പാടി അൽഫോൻസാ കോളജ് മാനേജറുമായ ഫാ. സ്കറിയ മങ്ങരയിൽ. കുളിരാമുട്ടി ഇടവക വികാരികൂടിയാണ്.



● പ്രപഞ്ചത്തിലെ അടിസ്ഥാന കണങ്ങളെക്കുറിച്ച് ഗവേഷണപഠനങ്ങൾ നടത്തുന്ന യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച് (CERN) മികച്ച ഭൗതിക ശാസ്ത്രജ്ഞർക്ക് നല്കുന്ന CMS അവാർഡിന് പെരിന്തൽമണ്ണ ഇടവകാംഗം വാകാനിൽ സനു വർഗ്ഗീസ് അർഹനായി. ഭൗതിക ശാസ്ത്രത്തിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന ശാസ്ത്രജ്ഞർക്ക് നൽകുന്നതാണ് CMS അവാർഡ്. ഭൂവനേശ്വറിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സിലെ നാലാം വർഷ ഗവേഷണ വിദ്യാർത്ഥിയാണ് സനു വർഗ്ഗീസ്. 2022 ലെ അവാർഡിനായി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട അറുപത് ശാസ്ത്രജ്ഞരിൽ ഇന്ത്യയിൽ നിന്നുള്ള ഏക ശാസ്ത്രജ്ഞനാണ് സനു. 2023 ഏപ്രിൽ 12 ന് ജനീവയിൽ വച്ചു നടന്ന വാർഷിക സമ്മേളനത്തിൽ അവാർഡ് സമ്മാനിച്ചു. റിട്ടയേഡ് അധ്യാപക ദമ്പതിമാരായ അഡ്വ. വാകാനിൽ വർഗ്ഗീസിന്റെയും, സാലി ജോർജിന്റെയും മകനാണ്. സഹോദരൻ മനു വർഗ്ഗീസ്.



● ബിഎസ്സി സുവോളജിയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ അലൻസാ ജോജോ. കോടഞ്ചേരി ഇടവകാംഗം പള്ളിക്കാമഠത്തിൽ ജോജോയുടെയും മിനിയുടെയും മകളാണ്.



● കാലിക്കറ്റ് സർവകലാശാല ത്രിവത്സര എൽഎൽബി പരീക്ഷയ്ക്ക് മൂന്നാം റാങ്ക് കരസ്ഥമാക്കിയ എമിലിയ റോസ് ബെന്നി. തോട്ടുമുക്കം ഇടവകാംഗം പല്ലാന്താനിക്കൽ ബെന്നിയുടെയും ലാലിയുടെയും മകളാണ്.



● സിവിൽ എഞ്ചിനീയറിംഗിൽ പിഎച്ച്ഡി (എൻഐടി, കോഴിക്കോട്) നേടിയ എം. എ ജിൻസി റോസ് (അസിസ്റ്റന്റ് പ്രൊഫസർ, കാർമൽ കോളജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പുന്നപ്ര). അശോകപുരം ഇടവകാംഗം മാളികമംഗലം എം. ഡി. അഗസ്റ്റിന്റെയും (റിട്ട. അസി. എഞ്ചിനീയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്) ജോയ്സിയുടെയും മകളാണ്. ആലപ്പുഴ എസ്. എൽ. പുരം അജിത് കൺസ്ട്രക്ഷൻസ് ഡയറക്ടർ എ. കെ. അജിത്തിന്റെ ഭാര്യയാണ്.

# മതാധ്യാപകർ പീഠത്തിൽ തെളിച്ചുവച്ച ദീപം: ബിഷപ്



ബഥാനിയ റിന്യൂവൽ സെന്ററിൽ നടന്ന രൂപതാ മതാധ്യാപക സംഗമം അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. രാജേഷ് പള്ളിക്കാവയലിൽ, ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, ഫാ. ബിനു പുളിക്കൽ, ഷിബു മാത്യു എടാട്ട് എന്നിവർ സമീപം

**പുല്ലൂരാംപാറ:** മതാധ്യാപകർ പീഠത്തിൽ തെളിച്ചുവച്ച ദീപമാണെന്നും ക്രിസ്തുവിന്റെ തിരുഹൃദയത്തിൽ നിന്ന് ഒഴുകിയിറങ്ങുന്ന തിരുരക്തത്തിന്റെ അമൂല്യമായ ശക്തി ഹൃദയത്തിൽ സ്വന്തമാക്കാൻ സാധിച്ചവരാണ് അവരെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അഭിപ്രായപ്പെട്ടു. ബഥാനിയ റിന്യൂവൽ സെന്ററിൽ നടന്ന രൂപതാ മതാധ്യാപക സംഗമത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭീകരമായ വെല്ലുവിളികൾ നേരിടുന്ന കാലമാണിത്. മതബോധന ക്ലാസുകളിൽ ലഭിക്കുന്ന പരിശീലനത്തോടൊപ്പം വീടുകളിൽ നിന്നും തുടർ പരിശീലനം ലഭിക്കേണ്ടത് ആവശ്യമാണ്. അതിനായി മാതാപിതാക്കളെ ഒരുക്കുന്നതിനുള്ള പദ്ധതികൾ ഈ വർഷം ക്രമീകരിക്കും. അമ്മമാരാണ് വിശ്വാസ കൈമാറ്റത്തിന്റെ ചാലക ശക്തി. അതുകൊണ്ടുതന്നെ കുട്ടികളെ വിശ്വാസത്തിൽ വളർത്താൻ അമ്മമാർ മുൻകൈ എടുക്കണം. തെറ്റുകളിൽ വീഴാതിരിക്കാൻ സുവിശേഷം പഠിക്കണം. വിശുദ്ധ കുർബാനയാണ് ഏറ്റവും വലിയ ശക്തി സ്രോതസ്സ്. വിശുദ്ധ കുർബാനയെക്കുറിച്ച് പഠിക്കാൻ സമയം കണ്ടെത്തണം – ബിഷപ് കൂട്ടിച്ചേർത്തു.

അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. കേരള സഭ ഇനിയും വളരാനും വീണ്ടും പൂക്കാലമുണ്ടാകാനും മതാധ്യാപകരുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. കേരള സഭയിലെ വസന്തത്തെയാണ് ഇന്ന് രാജ്യം ഭരിക്കുന്നവർ ഭയപ്പെടുന്നത്. ഏത് രാജ്യത്തു പോയാലും ഈശോയെ ഹൃദയത്തിൽ സൂക്ഷിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തുവാൻ മതാധ്യാപകർക്കാകണം. ക്രിസ്തുവിനെ അവരുടെ ഹൃദയത്തിലേക്ക് നിരന്തരം പമ്പു ചെയ്യുവാൻ സാധിക്കണം അഡ്വ. ജസ്റ്റിൻ പറഞ്ഞു. രാവിലെ നടന്ന ക്ലാസുകൾക്ക് അദ്ദേഹം നേതൃത്വം നൽകി.

വിശുദ്ധ കുർബാന കേന്ദ്രീകൃതമായി കൗദാശിക ജീവിതത്തിലേക്ക് കുട്ടികളെ നയിക്കുകയെന്നതാണ് ഈ വർഷത്തെ പ്രമേയമെന്ന് മതബോധന രൂപതാ ഡയറക്ടർ ഫാ. രാജേഷ് പള്ളിക്കാവയലിൽ പറഞ്ഞു. ഇന്നത്തെ മാതാപിതാക്കൾ വളരെ ആശങ്കയിലാണെന്നും യേശുവിനെ കുട്ടികൾക്ക് പകർന്നുകൊടുക്കാൻ കഴിയാത്തതാണ് ഇതിന് കാരണമെന്നും ബഥാനിയ ഡയറക്ടർ ഫാ. ബിനു പുളിക്കൽ ചൂണ്ടിക്കാട്ടി.

എം. ജെ. അബ്രാഹാം മണലോടി, ഷിബു മാത്യു എടാട്ട് എന്നിവർ പ്രസംഗിച്ചു. മതബോധന ഗാനത്തിന്റെ വീഡിയോ റിലീസ് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. ചലച്ചിത്ര പിന്നണി ഗായിക നിയ ചാർലി ഗാനം ആലപിച്ചു. അബ്രഹാം ജെയ്സൺ വയലിൻ ഫ്യൂഷൻ അവതരിപ്പിച്ചു. വിശ്വാസ പരിശീലന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അധ്യാപകരെ ചടങ്ങിൽ ആദരിച്ചു. ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെ മുടങ്ങാതെ വേദപാഠ ക്ലാസുകളിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകി. പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടവരെ ആദരിച്ചു.

## പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയെ അനുസ്മരിച്ചു

**താമരശ്ശേരി:** രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ 29 ാം ചരമ വാർഷികത്തോടനുബന്ധിച്ച് രൂപതാതല അനുസ്മരണ പ്രാർത്ഥനയും വിശുദ്ധ കുർബാനയും മേരി മാതാ കത്തീഡ്രലിൽ നടന്നു. രൂപതാ വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ദിവ്യബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. താമരശ്ശേരി ഫൊറോന വികാരി ഫാ. മാത്യു പുളിമൂട്ടിൽ, ഫാ. ജോൺസൺ പാഴൂക്കുന്നേൽ എന്നിവർ സഹകാർമ്മികരായിരുന്നു.

ഫാ. ജോൺസൺ പാഴൂക്കുന്നേൽ മാർ മങ്കുഴിക്കരി അനുസ്മരണ സന്ദേശം നൽകി. കത്തി ജ്വലിച്ചിരുന്ന വിളക്കായിരുന്നു മാർ മങ്കുഴിക്കരിയെന്ന് അദ്ദേഹം അനുസ്മരിച്ചു. ക്രാന്തദർശിയായ പുരോഹിത ശ്രേഷ്ഠനായിരുന്നു മാർ മങ്കുഴിക്കരി. പാവങ്ങളെ ചേർത്തുപിടിച്ചു. ജനഹൃദയങ്ങളെ തൊട്ടുണർത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി. സ്വാർത്ഥതയില്ലാതെ കൊടുത്തു തീർന്ന ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. വിവിധ മതസ്ഥരുമായി നല്ല ബന്ധം കാത്തു സൂക്ഷിക്കാൻ അദ്ദേഹം പരിശ്രമിച്ചു. മാർ മങ്കുഴിക്കരിയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കാൻ ഒത്തുകൂടിയ നാനാജാതി മതസ്ഥർ അതിന് ഉദാഹരണമാണ്. ഏതു കാര്യത്തെക്കുറിച്ചും കൃത്യമായ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. സഞ്ചരിക്കുന്ന വിജ്ഞാനകോശമെന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നു. കാലഘട്ടത്തെ സൃഷ്ടിച്ച വ്യക്തിയാണ് മാർ മങ്കുഴിക്കരി അനുസ്മരണ സന്ദേശത്തിൽ ഫാ. ജോൺസൺ പാഴൂക്കുന്നേൽ പറഞ്ഞു. ശ്രാദ്ധ ശുശ്രൂഷകൾക്ക് ഫാ. മാത്യു പുളിമൂട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. രൂപതാ വൈദികരും സന്യസ്തരും അൽമായ പ്രതിനിധികളും ചടങ്ങുകളിൽ പങ്കെടുത്തു.

## മണിപ്പൂർ: പ്രതിഷേധ റാലി നടത്തി

**പാറോപ്പടി:** മണിപ്പൂരിലെ പീഡിത ക്രൈസ്തവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന ദേവാലയവും മേരിക്കുന്ന് ഹോളി റെഡിമർ ദേവാലയവും സംയുക്തമായി പ്രതിഷേധ റാലി നടത്തി. പാറോപ്പടി ഫൊറോന വികാരി ഫാ. ജോസഫ് കളരിക്കലിന്റെ ആമുഖ പ്രഭാഷണത്തോടെ റാലി ആരംഭിച്ചു. മേരിക്കുന്ന് ദേവാലയത്തിലേക്ക് നടത്തിയ റാലിയിൽ നിരവധി വിശ്വാസികൾ അണിചേർന്നു. മേരിക്കുന്ന് ദേവാലയ അങ്കണത്തിലെ സമാപന സമ്മേളനത്തിൽ ഫാ. സൈമൺ പീറ്റർ അധ്യക്ഷത വഹിച്ചു. കോഴിക്കോട് രൂപതാ വികാരി ജനറൽ മോൺ. ജെൻസൻ പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. ഫാ. സായി പാറൻകുളങ്ങര മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസഫ് കളരിക്കൽ, ഫാ. ജോസ് അഞ്ചലിൻ, ജോസഫ് റിബല്ലോ, തോമസ് പുലിക്കോട്ടിൽ എന്നിവർ പ്രസംഗിച്ചു.

## സീറോ മലബാർ മാതൃവേദി ഉപന്യാസ രചനാ മത്സരം: രചനകൾ ക്ഷണിച്ചു

**താമരശ്ശേരി:** സീറോ മലബാർ മാതൃവേദി രൂപതാ സമിതി സംഘടിപ്പിക്കുന്ന ഉപന്യാസ മത്സരത്തിലേക്ക് അമ്മമാരുടെ രചനകൾ ക്ഷണിച്ചു. വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക് എന്നതാണ് വിഷയം. രചനകൾ ജൂലൈ 15 വൈകുന്നേരം അഞ്ചിന് മുമ്പായി മാതൃവേദി രൂപതാ ഓഫീസിൽ ലഭിക്കണം. ആദ്യ മൂന്നു സ്ഥാനക്കാർക്ക് യഥാക്രമം 2000 രൂപ, 1000 രൂപ, 500 രൂപ ക്യാഷ് അവാർഡുകൾ സമ്മാനിക്കും.

**മത്സര നിബന്ധനകൾ:**

പ്രായഭേദമന്യേ രൂപതയിലെ എല്ലാ അമ്മമാർക്കും മത്സരത്തിൽ പങ്കെടുക്കാം, ഉപന്യാസം 6 പേജിൽ കവിയാൻ പാടില്ല, കൈയെഴുത്തായോ ടൈപ്പ് ചെയ്തതോ അയയ്ക്കാവുന്നതാണ്, ഓരോ ഇടവകയിലെയും രചനകൾ, യൂണിറ്റ് പ്രസിഡന്റുമാർ ശേഖരിച്ച് മേഖലയിലെ രൂപത എക്സിക്യൂട്ടിവ് അംഗത്തെ ഏൽപ്പിക്കണം, പേരും, അഡ്രസ്സും, ഇടവകയും, ഫോൺ നമ്പറും നിർബന്ധമായും രചനയിൽ രേഖപ്പെടുത്തണം, തപാൽ വഴിയോ, ഈ–മെയിൽ (ടൈപ്പ് ചെയ്ത പിഡിഎഫ് ഫോർമാറ്റിൽ) മുഖേനയും, വാട്ട്സാപ്പ് (ടൈപ്പ് ചെയ്ത പിഡിഎഫ് ഫോർമാറ്റിൽ) മുഖേനയും രചനകൾ അയക്കാവുന്നതാണ്. സ്കാൻ ചെയ്ത രചനകൾ സ്വീകരിക്കുന്നതല്ല.

തപാലായി അയയ്ക്കേണ്ട വിലാസം: ഡയറക്ടർ, സീറോ മലബാർ മാതൃവേദി, ബിഷപ്സ് ഹൗസ്, പി.ബി. നമ്പർ 1, താമരശ്ശേരി 673573.

### പത്താം വർഷത്തിൽ ഓൺലൈനിലും ചുവടുറപ്പിക്കുന്നു

# മലബാർ വിഷൻ ഓൺലൈൻ മിഴി തുറന്നു

**കോഴിക്കോട്:** താമരശ്ശേരി രൂപതാ വാർത്തകളും വിശേഷങ്ങളും തൽസമയം വിശ്വാസികളിലെത്തിക്കുന്നതിനായി കമ്മ്യൂണിക്കേഷൻ മീഡിയയുടെ നേതൃത്വത്തിൽ ആരംഭിച്ച 'മലബാർ വിഷൻ ഓൺലൈൻ' ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ലോഞ്ച് ചെയ്തു.

അസഭ്യമായ കാര്യങ്ങളെ സഭ്യമാക്കുന്ന പ്രവണത സമൂഹത്തിൽ വർധിച്ചുവരികയാണെന്നും ഇത്തരം പ്രവണതകൾ പ്രതിരോധിക്കാൻ അപ്പപ്പോഴുള്ള ഇടപെടലുകൾ ആവശ്യമാണെന്നും ബിഷപ് പറഞ്ഞു. "മികച്ച ആശയങ്ങൾ പ്രചരിപ്പിക്കാൻ നവമാധ്യങ്ങളെ ഉപയോഗപ്പെടുത്തണം. മലബാർ വിഷൻ ഓൺലൈൻ ന്യൂസ് പോർട്ടൽ ഇത്തരത്തിലുള്ള ഒരു തുടക്കമാണ്. രൂപതാ മുഖപത്രമെന്ന നിലയിൽ മലബാർ വിഷൻ മികച്ച രീതിയിൽ മുന്നേറുന്നതിൽ സന്തോഷമുണ്ട്." ബിഷപ് കൂട്ടിച്ചേർത്തു.

താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയാ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ, അസി. ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ കെ. എഫ്. ജോർജ്, പ്രഫ. ചാർലി കട്ടക്കയം, ജോസ് കെ. വയലിൽ, ജിൽസൺ ജോസ്, രജിൻ ജോസ് എന്നിവർ പ്രസംഗിച്ചു.

താമരശ്ശേരി രൂപതാ മുഖപത്രം മലബാർ വിഷന്റെ പത്താം വർഷത്തിലാണ് ഓൺലൈൻ രംഗത്തേക്ക് ഇറങ്ങുന്നത്. രൂപതാ വാർത്തകൾക്കു പുറമേ സഭാ വാർത്തകളും വത്തിക്കാൻ വിശേഷങ്ങളും പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. കരിയർ സംബന്ധമായ ലേഖനങ്ങളും വിശ്വാസപരവും സമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളും പോർട്ടലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മലബാർ വിഷൻ ഓൺലൈനിന്റെ അപ്ഡേറ്റുകൾ കൃത്യമായി ലഭിക്കാൻ ഓൺലൈൻ കമ്മ്യൂണിറ്റിയും ആരംഭിച്ചിട്ടുണ്ട്.



**മലബാർ വിഷൻ ഓൺലൈൻ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ലോഞ്ച് ചെയ്യുന്നു. കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ, അസി. ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. മാത്യു കുളത്തിങ്കൽ, ജിൽസൺ ജോസ് എന്നിവർ സമീപം**

# പ്രധാനാധ്യാപക സംഗമം

**താമരശേരി:** താമരശേരി കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി സംഘടിപ്പിച്ച പ്രധാനാധ്യപക സംഗമം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഉയർന്ന ചിന്തകളും ഉന്നതമായ കാഴ്ചപ്പാടുകളുമുള്ള പുതുസമൂഹം വളർന്നു വരണമെന്നും അതിനുതകുന്ന വിദ്യാഭ്യസ സാഹചര്യം സ്കൂളുകളിലുണ്ടാകണമെന്നും ബിഷപ് പറഞ്ഞു. മികച്ച നിലവാരം പുലർത്തുന്നതുകൊണ്ടാണ് ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷയിൽ കോർപ്പറേറ്റിനു കീഴിലെ മുഴുവൻ സ്കൂളുകളും നൂറ് ശതമാനം വിജയം നേടാൻ സാധിച്ചതെന്ന് ബിഷപ് അഭിപ്രായപ്പെട്ടു.

കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് പാലക്കാട്ട് അധ്യക്ഷത വഹിച്ചു. എച്ച്എം ഫോറം പ്രസിഡന്റ് വിബിൻ എം. സെബാസ്റ്റ്യൻ, ബെന്നി ലൂക്കോസ്, ജേക്കബ് കോച്ചേരി എന്നിവർ പ്രസംഗിച്ചു. എച്ച്എം ഫോറം ഭാരവാഹികളായി തിരുവമ്പാടി സേക്രട്ട് ഹാർട്ട് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ വിബിൻ എം. സെബാസ്റ്റ്യൻ (പ്രസിഡന്റ്), ചമൽ നിർമ്മല യുപി സ്കൂൾ പ്രധാനാധ്യാപിക ജിസ്നമോൾ മനോജ് (വൈസ് പ്രസിഡന്റ്), കൂരാച്ചുണ്ട് സെന്റ് തോമസ് ഹൈസ്കൂൾ പ്രധാനാധ്യാപകൻ ജേക്കബ് കോച്ചേരി (സെക്രട്ടറി), കൂടരഞ്ഞി സെന്റ് സെബാസ്റ്റിയൻസ് എൽപി സ്കൂൾ പ്രധാനാധ്യാപിക സിസ്റ്റർ ലൗലി ടി. ജോർജ്ജ് (ജോയിന്റ് സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.



**വിബിൻ എം. സെബാസ്റ്റ്യൻ**



**ജേക്കബ് കോച്ചേരി**

## ആൽഫാ അക്കാദമിയിൽ പരിശീലനം ആരംഭിച്ചു

**തിരുവമ്പാടി:** ആൽഫ മരിയ അക്കാദമിയിൽ 2023–2024 വർഷങ്ങളിൽ ആരോഗ്യമേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തുന്ന DHS Staff Nurse Nursing Officer, AIIMS NORCET തുടങ്ങിയ പരീക്ഷകൾക്ക് ഒരുക്കമായുള്ള പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു. പരീക്ഷകൾ നടക്കുന്നത് വരെ ഓൺലൈൻ ക്ലാസ്സുകളുടെ റെക്കോഡഡ് വീഡിയോകൾ ആപ്പിലൂടെ ലഭ്യമാക്കും. വിവരങ്ങൾക്ക്: 99468 65818, 99616 54611

**മലബാർ വിഷൻ ഓൺലൈൻ ന്യൂസ് പോർട്ടൽ സന്ദർശിക്കുവാൻ QR കോഡ് സ്കാൻ ചെയ്യുക.**

**അപ്ഡേറ്റുകൾ കൃത്യമായി ലഭിക്കുവാൻ കോഡ് സ്കാൻ ചെയ്ത് വാട്സാപ്പ് കമ്മ്യൂണിറ്റിയൽ അംഗമാകുക**

## അൽഫോൻസ കോളജിൽ വായനാ വാരാഘോഷം

**തിരുവമ്പാടി:** അൽഫോൻസ കോളജിൽ വായനവാരാഘോഷ സമാപനം 'സർഗ്ഗത്മ 23' ദേവഗിരി കോളജ് അധ്യാപകനും എഴുത്തുകാരനുമായ ബിബിൻ ആന്റണി ഉദ്ഘാടനം ചെയ്തു. മലയാള സാഹിത്യത്തിലെ വായനാനുഭവങ്ങൾ എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിന് അദ്ദേഹം നേതൃത്വം നൽകി. വായനാദിനത്തോടനുബന്ധിച്ച് ഒരാഴ്ചയായി ഡിപ്പാർട്മെന്റുകളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ, വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് ആഗസ്റ്റിൻ, ലിറ്ററി ക്ലബ് കോഡിനേറ്റർ ദീപ ഡോമിനിക്, അലൻ വി. ജേക്കബ് എന്നിവർ പ്രസംഗിച്ചു. 2022–23 അദ്ധ്യയന വർഷത്തിൽ കോളജ് ലൈബ്രറിയിൽ നിന്ന് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും ചടങ്ങിൽ ആദരിച്ചു.

## നഴ്സിങ് പഠനത്തിന് അവസരമൊരുക്കി എൽഡിഎസ്

**കോഴിക്കോട്:** താമരശ്ശേരി രൂപതയുടെ തുടർ വിദ്യാഭ്യാസ സംരംഭമായ ലീഡർഷിപ് ഡെവലപ്മെന്റ് സൊസൈറ്റി (എൽഡിഎസ്) വഴി ഈവർഷം പ്ലസ്ടു പാസായ കുട്ടികൾക്ക് ബി.എസ്.സി നഴ്സിങ്, ജനറൽ നഴ്സിങ് കോഴ്സുകളിലേക്കുള്ള അഡ്മിഷന് സൗകര്യമൊരുക്കുന്നു.



കേരളത്തിന് പുറത്ത് അംഗീകൃത കോളജുകളിൽ സുരക്ഷിതത്വം ഉറപ്പു നൽകുന്നതും (താമസം, ഭക്ഷണം, ക്ലാസുകൾ) വിദ്യാർത്ഥികളുടെ ആത്മീയ കാര്യങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിന് സാധിക്കുന്നതുമായ കോളജുകളിലേക്കാണ് അഡ്മിഷൻ നൽകുന്നത്. എൽഡിഎസ് ഭാരവാഹികൾ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും പഠനനിലവാരം വിലയിരുത്തുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക്: ഫാ. സായി പാറൻകുളങ്ങര: 9544285018.



# ആദിമ സഭയുടെ ചൈതന്യത്തിൽ മുന്നേറുവാൻ കുടുംബക്കൂട്ടായ്മകൾ സജീവമാക്കണം: ബിഷപ്

**കോഴിക്കോട്:** ഒരു ഹൃദയവും ഒരാത്മാവുമായി ആദിമ സഭയുടെ ചൈതന്യത്തിൽ മുന്നേറുകയെന്നതാണ് കുടുംബക്കൂട്ടായ്മകളിലൂടെ ലക്ഷ്യംവയ്ക്കുന്നതെന്ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. മേരിക്കുന്ന് പിഎംഒസിയിൽ നടന്ന കുടുംബക്കൂട്ടായ്മ രൂപതാ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

"ആദിമ സഭയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. ദാരിദ്ര്യം അനുഭവിക്കുന്നവരെ സഹായിക്കാൻ നമുക്ക് കടമയുണ്ട്. സ്നേഹം ശക്തമാകുമ്പോൾ മാത്രമേ പങ്കുവയ്ക്കാൻ കഴിയൂ. ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ ആദിമ സഭയുടെ ചൈതന്യത്തിലേക്ക് നമുക്ക് വളരാൻ കഴിയും. കുടുംബക്കൂട്ടായ്മകൾ കൃത്യമായി സംഘടിപ്പിക്കുവാൻ നേതൃത്വത്തിലുള്ളവർ ശ്രദ്ധിക്കണം. തിരക്കുകൾ മാറ്റിവച്ച് കുടുംബത്തിലെ ഓരോ അംഗങ്ങളും കൂട്ടായ്മയിൽ പങ്കെടുക്കുമ്പോഴാണ് കുടുംബക്കൂട്ടായ്മകൾ സജീവമാകുന്നത്. ഓരോ കുടുംബത്തെയും ഓർത്ത് പ്രാർത്ഥിക്കാൻകൂടിയുള്ള അവസരമാണ് കുടുംബക്കൂട്ടായ്മകൾ" ബിഷപ് പറഞ്ഞു.



കുടുംബക്കൂട്ടായ്മ രൂപതാ വാർഷിക സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

രാവിലെ 'സഭയുടെ അജപാലന ദൗത്യത്തിൽ അല്മായരുടെ പങ്ക്' എന്ന വിഷയം അടിസ്ഥാനമാക്കി പിഎംഒസി ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ കാവളക്കാട്ട് ക്ലാസ്സ് നയിച്ചു. കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ റവ. ഡോ. മാത്യു കുളത്തിങ്കൽ, രൂപതാ പ്രസിഡന്റ് തോമസ് വലിയപറമ്പിൽ എന്നിവർ നേതൃത്വം നൽകി. ഫൊറോന അടിസ്ഥാനത്തിൽ നടത്തിയ ഗ്രൂപ്പ് ചർച്ചകളിൽ ഫാ. നിഖിൽ പുത്തൻവീട്ടിൽ മോഡറേറ്ററായിരുന്നു.

വിവിധ യൂണിറ്റുകളുടെ റിപ്പോർട്ടുകൾ വിലയിരുത്തി. വരും വർഷങ്ങളിലേക്കുള്ള കർമ്മപദ്ധതികൾ ചർച്ച ചെയ്തു.

## പുതിയ സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു

**താമരശ്ശേരി:** രൂപതയുടെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് കീഴിൽ പ്രവർത്തിക്കുന്ന നെല്ലിപ്പൊയിൽ സെന്റ് ജോൺസ് ഹൈസ്കൂൾ, കക്കാടംപൊയിൽ സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവയുടെ ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച കെട്ടിടങ്ങളുടെ വെഞ്ചിരിപ്പും ഉദ്ഘാടനവും നടത്തി.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. ലിന്റോ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് പാലക്കാട്ട് മുഖ്യപ്രഭാഷണം നടത്തി.

നെല്ലിപ്പൊയിലിൽ സ്കൂൾ മാനേജർ ഫാ. ജോർജ് കറുകമാലിൽ, ഹെഡ്മാസ്റ്റർ ബിനു ജോസ്, കക്കാടംപൊയിലിൽ സ്കൂൾ മാനേജർ ഫാ. ഡാന്റിസ് കിഴക്കരക്കാട്ട്, പി. ജെ. ഷാജിഎന്നിവർ നേതൃത്വം നൽകി.



കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്ക് കീഴിൽ പ്രവർത്തിക്കുന്ന കക്കാടംപൊയിൽ സെന്റ് മേരീസ് ഹൈസ്കൂളിലെ പുതുതായി നിർമിച്ച കെട്ടിടം തിരുവമ്പാടി എംഎൽഎ ലിന്റോ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗീസ്, സ്കൂൾ മാനേജർ ഫാ. ഡാൻന്റിസ് കിഴക്കരക്കാട്ട്, പ്രധാന അധ്യാപകൻ പി. ജെ. ഷാജി, ട്രസ്റ്റി ജോസ് മല്ലൂർതടത്തിൽ, ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ടിന്റു സുനീഷ്, ഗ്രീഷ്മ പ്രവീൺ, സീന ബിജു, ആദർശ് ജോസഫ്, വി. എസ് രവീന്ദ്രൻ എന്നിവർ സമീപം



ചെറുപുഷ്പ മിഷൻ ലീഗ് മേഖല ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിങ്ങിലും മാനേജിങ് കമ്മറ്റിയിലും പങ്കെടുത്തവർ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിനും ഡയറക്ടർ ഫാ. ജോർജ് വെള്ളാരാംകാലായിലിനുമൊപ്പം

## മിഷൻ ലീഗ്: ജൂനിയർ ഭാരവാഹികളെ തെരഞ്ഞെടുത്തു


**താമരശ്ശേരി:** ചെറുപുഷ്പ മിഷൻ ലീഗ് മേഖല ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിങ്ങും മാനേജിങ് കമ്മറ്റിയും താമരശേരി രൂപതാ ഭവനിൽ സംഘടിപ്പിച്ചു. അഡ്വ. ജിജിൽ ജോസഫ് ക്ലാസുകൾ നയിച്ചു. മിഷൻ ലീഗിന്റെ അനുദിന പ്രവർത്തനങ്ങളെ കുറിച്ച് ബാബു ചെട്ടിപ്പറമ്പിലും, പുതിയ വർഷത്തെ അനുദിന പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ ഫാ. ജോർജ് വെള്ളാരാംകാലായിലും സംസാരിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ജൂനിയർ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്: അഷേർ ബെന്നി പൈകയിൽ (മരുതോങ്കര), വൈസ് പ്രസിഡന്റ്: ഇവ മെറിൽ ജോൺ ഇലവുങ്കൽ (മാലാപറമ്പ്), സെക്രട്ടറി: മാർട്ടിൻ പുളിന്താനത്ത് (പെരുവണ്ണാമൂഴി), ജോയിന്റ് സെക്രട്ടറി: എം. ബി. ദിയ മൂലമുറിയിൽ (മരിയാപുരം), എക്സിക്യൂട്ടീവ് അംഗം: എൽറോയ് പാറത്തലയ്ക്കൽ (കണ്ണോത്ത്).


## പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകളുടെ അഡ്മിഷൻ ആരംഭിച്ചു

**മേരിക്കുന്ന്:** താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര – ബൈബിൾ പഠന കേന്ദ്രമായ പോപ്പ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏകവത്സര ദൈവശാസ്ത്ര പഠനം (രണ്ടാമത്തെയും നാലാമത്തെയും വെള്ളിയാഴ്ചകളിൽ രാത്രി 8.30 മുതൽ 9.30 വരെ) മരിയൻ ദൈവശാസ്ത്ര പഠനം (ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ രാത്രി 8.30 മുതൽ 9.30 വരെ) സഭാചരിത്ര പഠനം (ഒന്നാമത്തെയും മൂന്നാമത്തെയും വ്യാഴാഴ്ചകളിൽ രാത്രി 8.15 മുതൽ 9.15 വരെ) എന്നീ പുതിയ കോഴ്സുകൾക്ക് അഡ്മിഷൻ ആരംഭിച്ചു.

ലോകപ്രശസ്തമായ ദൈവശാസ്ത്ര യൂണിവേഴ്സിറ്റികളിൽ നിന്നും വിവിധ ദൈവശാസ്ത്ര വിഷയങ്ങളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുള്ള പ്രശസ്തരായ പണ്ഡിതൻമാർ ക്ലാസ്സുകൾ നയിക്കുന്നു. ഓൺലൈൻ ക്ലാസുകളാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: 82 81 34 61 79.

## പുസ്തക പരിചയം






● റിട്ട. അധ്യാപകൻ കെ. വി. ജോർജ് മാസ്റ്റർ രചിച്ച രണ്ടു ഗ്രന്ഥങ്ങളാണ് 'അധ്യാപനത്തിന്റെ കാണാപ്പുറങ്ങൾ', 'കുടിയേറ്റ ചരിത്രം കണ്ണോത്ത് ഇടവകയിൽ' എന്നിവ. അധ്യാപക ജീവിതത്തിലെ ചില സംഭവങ്ങളാണ് ആദ്യ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. വിനായക് നിർമ്മലിന്റെ അവതാരിക.

കണ്ണോത്ത് ഇടവകയുടെ കുടിയേറ്റ ചരിത്രമാണ് രണ്ടാമത്തെ ഗ്രന്ഥത്തിലെ പ്രതിപാദ്യം. ഓർമ്മയിൽ നിന്നും പ്രായമായ ആൾക്കാരിൽ നിന്നും ചോദിച്ചറിഞ്ഞ വിവരങ്ങളാണ് ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫാ. മാത്യു പനച്ചിപ്പുറത്തിന്റെ അവതാരിക.

രണ്ടു ഗ്രന്ഥങ്ങളും ആത്മാ ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.
കോപ്പികൾക്ക്: **04954022600**



● ജോമി വടശ്ശേരിൽ ജോസ് രചിച്ച 'ചുവർചിത്രങ്ങൾ' ഡോക്ടർ കൂടിയായ കഥാകൃത്തിന്റെ ആത്മാവിഷ്ക്കാരം തുടിക്കുന്ന, വൈവിധ്യപൂർണമായ 20 കഥകളുടെ സമാഹാരമാണ്. പ്രസാധകർ notionpress.com

വീട്ടിലിരുന്നും മലബാർ വിഷനിൽ പരസ്യം നൽകാം

പരസ്യങ്ങൾ വാട്സാപ് വഴി നൽകുവാനുള്ള സൗകര്യം മലബാർ വിഷൻ ഒരുക്കുന്നു. ഓഫീസിലേക്കു വരാതെ തന്നെ വായനക്കാർക്കു നിമിഷനേരം കൊണ്ട് തങ്ങളുടെ പരസ്യങ്ങൾ മലബാർ വിഷനിൽ പ്രസിദ്ധീകരണത്തിനായി നൽകാം. ആദരാഞ്ജലികൾ, വിവാഹ ആശംസ, വിവാഹവാർഷികം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിന ആശംസകൾ തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളാണ് വാട്സാപ് വഴി നൽകാവുന്നത്.

വിവരങ്ങൾക്ക്: 9497564558,
വാട്സാപ്: 9744995553

# ദിവ്യബലി കർത്താവിന്റെ സാന്നിധ്യത്തെയും സ്നേഹത്തെയും തിരിച്ചറിയുന്ന യാഥാർത്ഥ്യം


● അമേരിക്കയിലെ കത്തോലിക്കാസഭ സംഘടിപ്പിക്കുന്ന ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് അമേരിക്കയിലെ സഭയുടെ ചരിത്രത്തിൽ നിർണ്ണായകമെന്ന് ഫ്രാൻസിസ് മാർപാപ്പ.

മനുഷ്യഹൃദയത്തിന്റെ വിശപ്പിനുള്ള ദൈവത്തിന്റെ പ്രതികരണമാണ് പരിശുദ്ധ കുർബാനയെന്ന് പാപ്പ ചൂണ്ടിക്കാട്ടി. “ജീവിതയാത്രയിൽ നമ്മെ പോഷിപ്പിക്കാനും ആശ്വസിപ്പിക്കാനും നിലനിർത്താനും ദിവ്യകാരുണ്യത്തിലൂടെ മിശിഹാതന്നെ നമ്മുടെ ഇടയിലുണ്ട്. അവിടുത്തെ സാന്നിധ്യത്തെയും സ്നേഹത്തെയും തിരിച്ചറിയുന്ന യാഥാർത്ഥ്യമാണ് ദിവ്യബലി. സഭാ ജീവിതത്തിൽ ദിവ്യക്കാരുണ്യ ആരാധനയുടെ പ്രാധാന്യവും വളരെ വലുതാണ്.നിശബ്ദമായി ആ ആരാധനയുടെ അന്തസത്ത നാം കണ്ടെത്തണം.” പാപ്പ ഉദ്ബോധിപ്പിച്ചു.

വിശുദ്ധ കുർബാനയിൽ നമുക്കുവേണ്ടി എല്ലാം നൽകിയവനെ, നമുക്ക് ജീവനേകാൻ സ്വജീവൻ നൽകിയവനെ, അവസാനം വരെ നമ്മെ സ്നേഹിച്ചവനെ നാം കണ്ടുമുട്ടുന്നു. അതിനാൽ കർത്താവിന്റെ മഹത്തായ ദാനത്തെക്കുറിച്ചുള്ള അത്ഭുതവും വിസ്മയവും പുതിയതായി കണ്ടെത്താനും അവിടുത്തെ മിഷിനറി ശിഷ്യൻമാരാകാൻ കൂടുതൽ തീക്ഷ്ണതയോടെ തങ്ങളെത്തന്നെ സമർപ്പിക്കുവാനും വിശ്വാസികൾ പ്രചോദിതരാകട്ടെയെന്ന് പാപ്പ ആശംസിച്ചു.



## ഉദര ശസ്ത്രക്രിയ വിജയകരം: വിദേശപര്യടനത്തിന് ഒരുങ്ങി പാപ്പ



● ഒരാഴ്ചയിലധികം നീണ്ട ആശുപത്രി വാസത്തിനു ശേഷം ഫ്രാൻസിസ് പാപ്പ പുഞ്ചിരിച്ചുകൊണ്ട് വത്തിക്കാനിലേക്ക് മടങ്ങി. ഉദര സംബന്ധമായ ശസ്ത്രക്രിയയ്ക്കായി ജൂൺ ഏഴിനാണ് റോമിലെ ജെമെല്ലി ആശുപത്രിയിൽ പാപ്പയെ പ്രവേശിപ്പിച്ചത്.

ഡിസ്ചാർജിനു ശേഷം മാധ്യമ പ്രവർത്തകരോട് തമാശകൾ പറഞ്ഞും തന്നെ കാണാനായി തടിച്ചുകൂടിയവരെ അഭിവാദ്യം ചെയ്തുമാണ് പാപ്പ മടങ്ങിയത്. ഇപ്പോൾ എന്തു തോന്നുന്നു എന്ന മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് “ഞാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു” എന്ന മറുപടിയാണ് തമാശ രൂപേണ പാപ്പ പറഞ്ഞത്.

പാപ്പയുടെ ആരോഗ്യത്തിൽ ആശങ്കപ്പെടേണ്ടതായി ഒന്നുമില്ലെന്ന് പരിശുദ്ധ സിംഹാസനത്തിന്റെ മാധ്യമ വിനിമയ കാര്യാലയ ഡയറക്ടർ മത്തേയോ ബ്രൂണി അറിയിച്ചു.” ശസ്ത്രക്രിയയിൽ സങ്കീർണതകളൊന്നുമുണ്ടായിരുന്നില്ല. ആരോഗ്യത്തിൽ കാര്യമായ പുരോഗതി കാണിക്കുന്നുണ്ട്. പാപ്പയ്ക്ക് ഉടൻ തന്നെ അനുദിന പ്രവർത്തനങ്ങൾ പുനരാരംഭിക്കാം.” അദ്ദേഹം പറഞ്ഞു.

വത്തിക്കാനിലേക്കുള്ള യാത്രാ മധ്യേ റോമിലെ മരിയൻ ബസിലിക്കയായ മരിയ മേജറിലെ സാലൂസ് പോപ്പുളി റൊമാനിയുടെ രൂപത്തിനു മുന്നിൽ പാപ്പ പ്രാർത്ഥനാനിരതനായി. റോമൻ ജനതയുടെ സംരക്ഷക എന്നറിയപ്പെടുന്ന മാതാവിന്റെ രൂപമാണ് സാലൂസ് പോപ്പുളി റൊമാനി. കഴിഞ്ഞ വർഷം ഏപ്രിലിൽ ശ്വാസനാള രോഗം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചതിന് ശേഷം വത്തിക്കാനിലേക്ക് മടങ്ങുമ്പോഴും രണ്ടു വർഷം മുമ്പ് വൻകുടലിലെ ശസ്ത്രക്രിയയ്ക്ക് ശേഷം വത്തിക്കാനിലേക്ക് മടങ്ങുമ്പോഴും ഫ്രാൻസിസ് പാപ്പ ബസിലിക്കയിലെത്തി പ്രാർത്ഥിച്ചിരുന്നു.

മാർപാപ്പയുടെ പൊതുകൂടിക്കാഴ്ച ജൂൺ 21 വരെ റദ്ദാക്കിയിരുന്നു. ലോക യുവജന ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 2 മുതൽ 6 വരെ പോർച്ചുഗലിലേക്കും ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 4 വരെ മംഗോളിയയിലേക്കും ഫ്രാൻസിസ് പാപ്പാ അപ്പോസ്തോലിക യാത്രകൾ നടത്താനിരിക്കുകയാണ്.


## 'ബേബി ബോണസ്' പ്രഖ്യാപിച്ച് അമേരിക്കൻ കമ്പനി

● തൊഴിലാളികൾക്കായി ‘ബേബി ബോണസ്’ പ്രഖ്യാപിച്ച് അമേരിക്കൻ കമ്പനി. മാർക്കറ്റ് പ്ലേസ് ആപ്ലിക്കേഷൻ കമ്പനിയായ ‘പബ്ലിസ്ക്യൂ’ ആണ് പ്രഖ്യാപനം നടത്തിയത്.

കുഞ്ഞുങ്ങളുള്ള അല്ലെങ്കിൽ കുഞ്ഞിനെ ദത്തെടുക്കുന്ന തൊഴിലാളികൾക്കാണ് ഈ ബോണസ് ലഭിക്കുന്നത്. കുടുംബങ്ങളെ അനുകൂലിക്കുന്ന സ്ഥാപനമാണ് തങ്ങളുടേതെന്ന് പബ്ലിസ്ക്യൂ സ്ഥാപകനായ മൈക്കൽ സീഫെർട്ട് വ്യക്തമാക്കി. ഗർഭച്ഛിദ്രം സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങളെ ചുമതലപ്പെടുത്തിയ യുഎസ് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ പല കമ്പനികളും ഗർഭച്ഛിദ്രത്തിനായി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. അതിന് വിപരീതമായാണ് പബ്ലിസ്ക്യൂ കമ്പനി 5000 ഡോളർ ബേബി ബോണസ് പ്രഖ്യാപിച്ചത്.

തയ്യാറാക്കിയത്: ഫാ. ജോസഫ് കളത്തിൽ

## പീഡനങ്ങൾ വിശ്വാസത്തെ തളർത്തില്ല: നൈജീരിയൻ ബിഷപ്



● പ്രത്യാശയും അഭയവും ക്രിസ്തുവാണെന്നും ഇസ്ലാമിക തീവ്രവാദികൾക്ക് ക്രിസ്തീയ വിശ്വാസത്തെ തൊടാനാവില്ലായെന്നും നൈജീരിയൻ ബിഷപ് വിൽഫ്രെഡ് അനാഗ്ബെ പറഞ്ഞു. നൈജീരിയയിൽ ക്രൈസ്തവ വിരുദ്ധ പീഡനങ്ങൾ തുടർക്കഥയാകുമ്പോഴാണ് അദ്ദേഹത്തിന്റെ പ്രസ്താവന.

“പീഡനങ്ങൾ കത്തോലിക്കാ വിശ്വാസത്തിന്റെ ഭാഗം തന്നെയാണ്. അതിനാൽ പീഡനങ്ങളൊന്നും തങ്ങളുടെ വിശ്വാസത്തെ തളർത്തുന്നില്ല” – ബിഷപ് വ്യക്തമാക്കി. നൈജീരിയയിൽ ഇസ്ലാമികവത്കരണമാണ് നടക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇസ്ലാമിക ഗോത്രവർഗമായ ഫുലാനികളും ഐ.എസ് തീവ്രവാദികളുമാണ് ക്രൈസ്തവരെ ആക്രമിക്കുന്നത്.

ദൈവത്തിൽ ആശ്രയിച്ച് മുമ്പോട്ടു പോവുകയാണ് തങ്ങളെന്ന് ബിഷപ് വ്യക്തമാക്കി. പ്രത്യാശയായി ദൈവമുണ്ടെന്നും ഒരു നാൾ അക്രമ പരമ്പരകൾക്ക് അറുതി സംഭവിക്കുമെന്നും ദൈവം തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. വിശ്വാസം വെല്ലുവിളിക്കപ്പെടുന്ന ഈ കാലഘട്ടത്തിലും ഏറ്റവും അധികം ആളുകൾ ദിവ്യബലിയിൽ പങ്കുകൊള്ളുന്ന രാജ്യം നൈജീരിയ ആണെന്ന വസ്തുതയും അദ്ദേഹം ഓർമിപ്പിച്ചു.

പ്ലസ് ടു കഴിഞ്ഞ് ഇനിയെന്ത്
എന്ന ആശയകുഴപ്പത്തിലാണോ...?
ആരോഗ്യ മേഖലയിൽ ഒരുപാട് സാധ്യതകളുമായി
ജർമ്മനി നിങ്ങളെ കാത്തിരിക്കുന്നു.

● Nursing മേഖലയിൽ 45 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള PVS നഴ്സിംഗ് School/ College നഴ്സിംഗ് പഠനത്തോടൊപ്പം തന്നെ ജർമ്മൻ ഭാഷാ പഠനവും ഉറപ്പു നൽകുന്നു.
● പ്രഗൽഭരമായ അധ്യാപകരുടെ കൃത്യമായ മേൽനോട്ടത്തിൽ ഉള്ള മോർണിംഗ് & ഈവനിംഗ് ജർമ്മൻ ക്ലാസുകൾ
● നാല് ഘട്ടങ്ങളായുള്ള (A1, A2, B1, B2) ജർമ്മൻ Language കോഴ്സിനൊപ്പം International German exam assistance ഉം



● ഇപ്പോഴുള്ള കണക്ക് പ്രകാരം 2 ലക്ഷത്തിന് മുകളിൽ നഴ്സുമാരെ ജർമ്മനി തേടുന്നു. B2 ലെവൽ പാസായ നഴ്സുമാർക്ക് ഉയർന്ന ശമ്പളജോലി ലഭിക്കാനുള്ള മികച്ച അവസരം.
● B2 ലെവലിൽ റെസിഡൻഷ്യൽ ട്രെയിനിങ്ങും ജർമ്മൻ പൗരന്മാരും ആയുള്ള നേരിട്ട് സമ്പർക്കവും.
● Free recruitment assistance and career assistance
● 5 വർഷത്തിനുള്ളിൽ Stay back/PR/ Citizenship available
● Blocked bank balance ആവശ്യമില്ല.

P V S LANGUAGE ACADEMY
P V S Nursing School, Near Railway Station Road, Kozhikode-2
PH:0495 2301133, 9847 027 868, 9778 713 993

# ആരാണ് യാമപ്രാർത്ഥനകൾ ചൊല്ലേണ്ടത്?

**ചോദ്യം ഉത്തരം**

റവ. ഡോ. ഏബ്രഹാം
കാവിൽപുരയിടത്തിൽ

**സമയവും കാലവും ക്രമീകരിക്കുന്ന സ്രഷ്ടാവായ ദൈവത്തോടു ചേർന്നുനിൽക്കാനും അവിടന്ന് നൽകിയ ആയുസ്സും സമയവും ഒരു ദിവസത്തിന്റെ പല അവസരങ്ങളിൽ കൃതജ്ഞതയോടെ ഓർക്കാനും ജീവിതകർത്തവ്യങ്ങൾ കൂടുതൽ ഫലപ്രദമായും ദൈവമഹത്വത്തിനായും നിർവഹിക്കാനും ദിവസത്തിന്റെ വിവിധയാമങ്ങളിലുള്ള പ്രാർത്ഥന നമ്മെ സഹായിക്കുന്നു**

? അടുത്തകാലത്ത് സീറോമലബാർസഭയുടെ നവീകരിച്ച യാമപ്രാർത്ഥനകൾ പ്രസിദ്ധീകരിച്ചു എന്നറിഞ്ഞു. യഥാർത്ഥത്തിൽ ഈ പ്രാർത്ഥന ചൊല്ലാൻ കടപ്പെട്ടിരിക്കുന്നവർ ആരാണ്? അല്മായർ ഈ പ്രാർത്ഥന ചൊല്ലേണ്ടതുണ്ടോ?

**● മാത്യു ജോസഫ് അതിരമ്പുഴ**

വിശുദ്ധ ഗ്രന്ഥത്തിലും വിശുദ്ധ പാരമ്പര്യത്തിലും അടിയുറച്ച സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണ് യാമപ്രാർത്ഥനകൾ. ഓരോ വ്യക്തിസഭയ്ക്കും പ്രത്യേകമായ ആരാധനാക്രമാനുഷ്ഠാനങ്ങളും ആചാരങ്ങളും ഉള്ളതുപോലെ പ്രത്യേകമായ യാമപ്രാർത്ഥനകളും സ്വന്തമായുണ്ട്. ദീർഘനാളത്തെ പഠനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി സീറോമലബാർസഭയുടെ യാമപ്രാർത്ഥനകൾ നവീകരിച്ച് ഔദ്യോഗികമായി നല്കപ്പെടുകയുണ്ടായി. ചോദ്യകർത്താവിന്റെ സംശയം ഇതുമായി ബന്ധപ്പെട്ടതാണെങ്കിലും എല്ലാ സഭകളുടെയും ആരാധനാക്രമ പാരമ്പര്യവുമായി ബന്ധപ്പെട്ടതെന്നനിലയിൽ യാമപ്രാർത്ഥനകളെസംബന്ധിച്ചു കൂടുതൽ അവബോധം ആവശ്യമാണെന്ന യാഥാർത്ഥ്യം ഇവിടെ വ്യക്തമാകുന്നു.

ദിവസത്തിന്റെ വിവിധ യാമങ്ങളിൽ പ്രാർത്ഥനാപൂർവ്വം അവയെ വിശുദ്ധീകരിക്കുന്നതിനു സഭ രൂപപ്പെടുത്തിയിരിക്കുന്ന പ്രാർത്ഥനയാണു യാമപ്രാർത്ഥനകൾ. കൂദാശകളും കൂദാശാനുകരണങ്ങളുംപോലെ യാമപ്രാർത്ഥനകളും സഭയുടെ ആരാധനാക്രമത്തിന്റെ ഭാഗമാണ്. യാമപ്രാർത്ഥനകളുടെ ഈ പൊതുസ്വഭാവത്തിൽനിന്ന് ഇതു സഭയുടെ പ്രാർത്ഥനയാണെന്നും അതിനാൽ ഈ പ്രാർത്ഥന സഭയിൽ അംഗങ്ങളായിരിക്കുന്ന എല്ലാവരുടേതും ആണെന്നു വ്യക്തമാണ്.

സീറോമലബാർസഭയിലും സീറോമലങ്കരസഭയിലും ഏഴു യാമങ്ങളിലായാണ് പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നത്. ലത്തീൻസഭയിൽ എട്ടു യാമങ്ങളിൽ പ്രാർത്ഥനകൾ ഉണ്ട്. സീറോമലബാർസഭയിൽ ഇപ്പോൾ ഔദ്യോഗികമായി നൽകിയിരിക്കുന്നത് മൂന്നു യാമങ്ങളിലെ (റംശാ സായാഹ്നപ്രാർഥന, ലെലിയ നിശാപ്രാർഥന, സപ്ര പ്രഭാതപ്രാർഥന) പ്രാർഥനകളാണ്.



യാമപ്രാർത്ഥനകളെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളെ ഉദ്ധരിച്ചുകൊണ്ടു സാർവത്രികസഭയുടെ മതബോധനഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്: 'യാമപ്രാർത്ഥന ദൈവജനത്തിന്റെ മുഴുവൻ പ്രാർഥനയായിരിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. ഓരോരുത്തരും തങ്ങളുടെ സ്ഥാനവും ജീവിതസാഹചര്യങ്ങളും അനുസരിച്ച് അതിൽ പങ്കുകൊള്ളുന്നു: അജപാലനശുശ്രൂഷയ്ക്ക് സമർപ്പിതരായ വൈദികർ അവർ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും താല്പര്യമുള്ളവർ ആകാൻ വിളിക്കപ്പെട്ടവരാണ്; സന്യസ്തർ അവരുടെ സമർപ്പിതജീവിതങ്ങളുടെ സിദ്ധി വഴി; എല്ലാ വിശ്വാസികളും അവർക്ക് ആവുന്നത്ര... അല്മായരും വൈദികരോടൊപ്പമോ, അവർതന്നെ സമൂഹമായോ, തനിച്ചോ യാമപ്രാർത്ഥനകൾ ചൊല്ലുന്നത് അഭിലഷണീയമാണ്' (നമ്പർ 1174). മതബോധനഗ്രന്ഥം ഇനി പറയുന്നകാര്യം വളരെ പ്രധാനപ്പെട്ടതാണ്: 'സഭ അംഗീകരിച്ച രൂപത്തിൽ ആഘോഷിക്കപ്പെടുമ്പോൾ യാമപ്രാർത്ഥന യഥാർത്ഥത്തിൽ തന്റെ മണവാളനോടു സംസാരിക്കുന്ന മണവാട്ടിയുടെതന്നെ സ്വരമാണ്. ക്രിസ്തുതന്നെ തന്റെ ശരീരത്തോടൊപ്പം പിതാവിനോടു നടത്തുന്ന പ്രാർത്ഥനയാണ്' (നമ്പർ 1174). സഭയുടെ ഈ പ്രബോധനത്തിൽനിന്ന് യാമപ്രാർത്ഥനകളുടെ സഭാപരമായ സ്വഭാവവും അവയുടെ പ്രാധാന്യവും വ്യക്തമാകുന്നു.

യാമപ്രാർത്ഥനകൾ ചൊല്ലാൻ ആരാണ് കടപ്പെട്ടിരിക്കുന്നത് എന്ന ചോദ്യത്തിന് വിശാലമായ വിധത്തിൽ ധാരണയായെങ്കിലും സഭാനിയമങ്ങളുടെ പശ്ചാത്തലത്തിൽ ഉത്തരം കണ്ടെത്താൻ പരിശ്രമിക്കാം. പൗരസ്ത്യസഭകൾക്കുള്ള സഭാനിയമം, ഒരു രൂപതയിലെ ആരാധനാജീവിതത്തിന്റെ സംരക്ഷകനും മേൽനോട്ടക്കാരനും എന്നനിലയിൽ രൂപതാമെത്രാൻ യാമപ്രാർത്ഥനകൾ എപ്രകാരം ക്രമീകരിക്കണമെന്നു പറയുന്നുണ്ട്. 'സ്വന്തം സഭയുടെ നിയമാനുസൃതമായ ആചാരങ്ങൾക്ക് അനുസൃതമായി തന്റെ ആസ്ഥാന ദൈവാലയത്തിൽ യാമപ്രാർത്ഥനകളുടെ ഒരു ഭാഗമെങ്കിലും ദിവസേനപോലും നടത്തപ്പെടുന്നു എന്ന് രൂപതമെത്രാൻ ഉറപ്പുവരുത്തണം. കഴിയുന്നിടത്തോളം ഏതൊരു ഇടവകയിലും ഞായറാഴ്ചകളിലും തിരുനാളുകളിലും മറ്റ് ആഘോഷാവസരങ്ങളിലുംഅവയുടെതലേനാളിലും യാമപ്രാർത്ഥനകൾ നടത്തപ്പെടാനും അദ്ദേഹം ശ്രദ്ധിക്കണം' (c. 199 §2). ലത്തീൻസഭാനിയമവും ഇതേ കാര്യം നിഷ്കർഷിക്കുന്നു (C. 389).

വൈദികർക്കും സമർപ്പിതർക്കും അലമായർക്കും അവരുടെ ജീവിതാവസ്ഥയ്ക്ക് അനുസരിച്ചുള്ള ഉത്തരവാദിത്വം യാമപ്രാർത്ഥനകൾ ചൊല്ലുന്നതിനുണ്ട് എന്ന് മതബോധനഗ്രന്ഥം ഓർമപ്പെടുത്തിയിരിക്കുന്നത് നമ്മൾ കണ്ടു. യാമപ്രാർത്ഥനകൾ ചൊല്ലാനുള്ള വൈദികരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് പൗരസ്ത്യ സഭാനിയമം പറയുന്നത് ഇങ്ങനെയാണ്: 'പുരോഹിത ശുശ്രൂഷികൾ എല്ലാവരും തങ്ങളുടെ സ്വയാധികാരസഭയുടെ പ്രത്യേകനിയമത്തിന് അനുസൃതമായി യാമപ്രാർത്ഥനകൾ നടത്തേണ്ടതാണ്' (C. 377). സീറോമലബാർസഭയുടെ പ്രത്യേക നിയമം Art. 47 പ്രകാരം ഡീക്കന്മാരെയും വൈദികരെയും മെത്രാന്മാരെയും യാമപ്രാർത്ഥനകൾ ചൊല്ലാൻ കടപ്പെടുത്തുന്നുണ്ട്.

ലത്തീൻസഭാനിയമം c. 276 §2, 3°ൽ പറയുന്നതു വൈദികരും ഡീക്കന്മാരും സഭ നിഷ്കർഷിച്ചിട്ടുള്ള പുസ്തകങ്ങൾ ഉപയോഗിച്ച് യാമപ്രാർത്ഥനകൾ ചൊല്ലാൻ കടപ്പെട്ടിരിക്കുന്നു എന്നാണ്. ഇതേ കാര്യം c.1174 ലും ആവർത്തിക്കുന്നു.

സമർപ്പിതർ യാമപ്രാർത്ഥനകൾ നിശ്ചയമായും ചൊല്ലേണ്ടവരാണ് എന്ന പൊതുധാരണയെ നിയമസംഹിതകൾ എടുത്തുപറഞ്ഞുകൊണ്ട് അവരുടെ പ്രത്യേകനിയമാവലിയിൽ പറഞ്ഞിരിക്കുന്ന വിധത്തിൽ ഇക്കാര്യം അനുവർത്തിക്കാൻ സഭാനിയമം നിഷ്കർഷിക്കുന്നു.

അല്മായർ യാമപ്രാർത്ഥനകൾ ചൊല്ലാൻ കടപ്പെട്ടിരിക്കുന്നവരാണോ എന്ന ചോദ്യത്തിനുള്ള ഉത്തരം ഇതിനോടകം വ്യക്തമായിട്ടുണ്ട്. നിയമം കടപ്പെടുത്തുന്നില്ലെങ്കിലും സഭയുടെ പ്രാർത്ഥനയായ യാമപ്രാർത്ഥനകൾ അല്മായുടേതുകൂടിയാണ്. സാർവത്രികസഭയുടെ മതബോധനഗ്രന്ഥത്തോടുചേർന്ന് ലത്തീൻസഭയും, സാഹചര്യങ്ങൾ കണക്കിലെടുത്ത് സഭയുടെ പ്രാർത്ഥനയിൽ സാധിക്കുന്നതുപോലെ പങ്കുചേരാൻ അല്മായരെ ഉദ്ബോധിപ്പിക്കുന്നുണ്ട് (c. 1174 §2).

യാമപ്രാർത്ഥനകൾ സഭയുടെ പ്രാർത്ഥനയാണ്. അതിനാൽത്തന്നെ സഭയിലെ എല്ലാവരുടെയും പ്രാർത്ഥനയാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും തങ്ങളുടെ പ്രത്യേകവിളിയും ദൗത്യവുമനുസരിച്ചു യാമപ്രാർത്ഥനകൾ ചൊല്ലാൻ പ്രത്യേകം കടപ്പെട്ടിരിക്കുമ്പോൾ തങ്ങളുടെ ആത്മീയവളർച്ചയ്ക്ക് ഉപകരിക്കുന്ന ഒരു മാർഗമായാണ് അല്മായർ യാമപ്രാർത്ഥനകളെ സമീപിക്കേണ്ടത്. സമയവും കാലവും ക്രമീകരിക്കുന്ന സ്രഷ്ടാവായ ദൈവത്തോടു ചേർന്നുനിൽക്കാനും അവിടന്ന് നൽകിയ ആയുസ്സും സമയവും ഒരു ദിവസത്തിന്റെ പല അവസരങ്ങളിൽ കൃതജ്ഞതയോടെ ഓർക്കാനും ജീവിതകർത്തവ്യങ്ങൾ കൂടുതൽ ഫലപ്രദമായും ദൈവമഹത്വത്തിനായും നിർവഹിക്കാനും ദിവസത്തിന്റെ വിവിധയാമങ്ങളിലുള്ള പ്രാർത്ഥന നമ്മെ സഹായിക്കുന്നു.

**സഭാ സംബന്ധമായ നിങ്ങളുടെ സംശയങ്ങൾക്ക് ഞങ്ങൾ മറുപടി നൽകാം.**

**ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ,
മലബാർ വിഷൻ, പിഎംഒസി,
മേരിക്കുന്ന് പിഒ, കോഴിക്കോട് –12
വാട്സാപ്പ്: 97 44 99 5553**

ഉപകാരസ്മരണ



ഒരു വിശ്വാസി– കരിയാത്തുംപാറ

ഉപകാരസ്മരണ



അന്നമ്മ– മരുതോങ്കര

ഉപകാരസ്മരണ



ഒരു വിശ്വാസി

# കുഞ്ഞുമാലാഖ കഥ പറയുമ്പോൾ

സിസ്റ്റർ ടെൽന SABS

ഈശോയുടെ കുഞ്ഞുമക്കളെ, സുഖമാണോ നിങ്ങൾക്ക്? ഇന്ന് വിശുദ്ധ മാർട്ടിൻ ഡി. പോറസിനെക്കുറിച്ചാണ് കുഞ്ഞുമാലാഖ നിങ്ങളോട് പറയുന്നത്. ആരായിരുന്നു എന്നറിയുമോ വിശുദ്ധ മാർട്ടിൻ ഡി പോറസ്? 1579 ഡിസംബർ ഒമ്പതിന് ജനിച്ച് 1639 നവംബർ മൂന്നിന് മരിച്ച് 1962 മെയ് ആറിന് വിശുദ്ധനായ ഒരു നീഗ്രോ ബാലനായിരുന്നു വിശുദ്ധ മാർട്ടിൻ ഡി പോറസ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ രസകരമായ ഒരു സംഭവം നോക്കൂ.



ഒരിക്കൽ മാർട്ടിൻ തോട്ടത്തിലെ പൂക്കളോടു സംസാരിച്ചുകൊണ്ട് ചെടികൾക്കിടയിലെ കള പറിക്കുകയായിരുന്നു. അപ്പോളാണ് സഹോദരൻ മൈക്കിൾ തോട്ടത്തിലേക്ക് വന്നത്. അദ്ദേഹത്തിന്റെ കൈയ്യിൽ പള്ളിയിലെ ഏതാനും തിരുവസ്ത്രങ്ങളുണ്ട്. മാർട്ടിനെ കണ്ട് മൈക്കിൾ ചോദിച്ചു: "തോട്ടത്തിൽ പണിയാണ് അല്ലേ?"

മാർട്ടിൻ തല ഉയർത്തി നോക്കി, മറുപടി പറഞ്ഞു: "അതേ സഹോദരാ കണ്ടോ, ഈ പയർചെടി തഴച്ചുവളരുന്നത്."

മൈക്കിൾ ദേഷ്യത്തോടെ: "ഉം പയറ്! പയറാണോ, തിരുവസ്ത്രങ്ങളോണോ വലുത്? ഇതു കണ്ടോ, ഇതൊക്കെ എങ്ങനെയാണെന്ന്?" (തിരുവസ്ത്രങ്ങൾ എടുത്തു കാണിക്കുന്നു)



മാർട്ടിൻ: (അത്ഭുതത്തോടെ) "ഇതെല്ലാം തുളഞ്ഞു പോയല്ലോ! ഇതെങ്ങനെ സംഭവിച്ചു?"

മൈക്കിൾ: "മുഴുവൻ എലി തിന്നു. പള്ളിയിൽ ഒരു സാധനവും ഇനി ബാക്കിയില്ല. ഒറ്റ എലിയില്ലാതെ സകലത്തിനേയും ഇന്ന് ഞാൻ നശിപ്പിക്കും."

മാർട്ടിൻ: (ദുഃഖത്തോടെ) "നശിപ്പിക്കുമെന്നോ? ആ സാധുജീവികളെ വിഷം വച്ച് കൊല്ലുമെന്നോ? അവയ്ക്കറിയാമോ ഇത് തിരുവസ്ത്രങ്ങളാണെന്ന്?"

മൈക്കിൾ: "എന്നോടൊന്നും പറയേണ്ട. സകലതിനെയും ഞാൻ നശിപ്പിക്കും."

മാർട്ടിൻ ആകെ വിഷമത്തിലായി. പ്രശ്നം പരിഹരിക്കാൻ അദ്ദേഹം ഒരു മാർഗം കണ്ടുപിടിച്ചു. ഏതെങ്കിലുമൊരു എലിയെ കണ്ടുപിടിച്ച് കൂട്ടരെയെല്ലാം വിളിച്ചു കൊണ്ടുവരാൻ പറയണം. അങ്ങനെ അന്വേഷിച്ചു നടന്ന് മാർട്ടിൻ ഒരു കുഞ്ഞെലിയെ കണ്ടെത്തി. മാർട്ടിൻ അതിനെ വിളിച്ചു. എലി മുഖമുയർത്തി നോക്കിയിട്ട് മാർട്ടിന്റെ അടുത്തേക്ക് സന്തോഷത്തോടെ ചെന്നു.

മാർട്ടിൻ മുട്ടുകുത്തി വാത്സല്യപൂർവ്വം അതിനോട് പറഞ്ഞു, "ഇങ്ങടുത്തുവാ, എല്ലാവരും സുഖമായിരിക്കണം എന്നാണ് എന്റെ ആഗ്രഹം. അതുകൊണ്ട് പള്ളിയിലുള്ള ഒരു വസ്ത്രവും ഇനി തൊട്ടുപോകരുതെന്നും എല്ലാവർക്കും ആവശ്യമുള്ള ഭക്ഷണം നെൽപ്പുരയിൽ തരുമെന്നും കൂട്ടുകാരോട് പറയണം." അത്ഭുതമെന്ന് പറയട്ടെ! മാർട്ടിൻ പറഞ്ഞത് എലികൾക്ക് മനസിലായി. സർവ്വ എലികളും പള്ളിയും പരിസരവും വിട്ടു പോയത്രേ! നെൽപ്പുരയിൽ അവ സുഖവാസവും ആരംഭിച്ചു.

കൂട്ടുകാരേ, എന്തുകൊണ്ടാണ് മാർട്ടിൻ പറഞ്ഞത് എലികൾക്ക് മനസിലാകുവാൻ കഴിഞ്ഞത്? മാർട്ടിന്റെ ഉള്ളിൽ നിറഞ്ഞുനിന്ന് വിശുദ്ധിയും ജീവജാലങ്ങളോടുള്ള സ്നേഹവും കൊണ്ടാണല്ലേ. ഇതുപോലെ നമ്മുടെയുള്ളിൽ ദൈവസ്നേഹം നിറഞ്ഞ് നമ്മൾ വിശുദ്ധി നേടുമ്പോൾ ജീവജാലങ്ങൾ നമ്മുടെ സ്വരവും തിരിച്ചറിയും. എല്ലാ കുഞ്ഞുമക്കളും ഈശോയെ സ്നേഹിച്ച് വിശുദ്ധരാകണം കേട്ടോ.

**ഒന്നു ചിന്തിക്കാം**
ഈശോയെ സ്നേഹിക്കാൻ ഇന്ന് എനിക്ക് എന്തുചെയ്യാൻ സാധിക്കും?

# ക്വിസ് കോർണർ 2023



*മേയ് - ജൂൺ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**സിസ്റ്റർ മേരി ഇഗ്നേഷ്യസ്**
ആരാധനാ മഠം, താമരശ്ശേരി

● രണ്ടാം സമ്മാനം, 500 രൂപ
**ട്രീസ ആന്റണി**
മോഴികാട്, കുണ്ടായിത്തോട്

● മൂന്നാം സമ്മാനം, 250 രൂപ
**തോമസ് ഇ. എം**
ഇരുപ്പക്കാട്ട്, വിലങ്ങാട്

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ**
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2023 ജൂലൈ – ആഗസ്റ്റ് ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ആമസോൺ കാടുകളിൽ തകർന്നു വീണത് ഏതു രാജ്യത്തിന്റെ വിമാനമാണ്?
2. 40 വർഷത്തെ അക്കാഡമിക്ക് പാരമ്പര്യമുള്ള ലോകത്തിലെ ഏറ്റവും വലിയ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പേര് എന്ത്?
3. ഒരു പുതിയ തലമുറയെ നോക്കി വളർത്താനുള്ള അസാമാന്യ പാടവം ആർക്കാണുള്ളത്?
4. നന്മ തിന്മയെ വേർതിരിക്കാൻ യേശു നൽകുന്ന രണ്ടാമത്തെ മാനദണ്ഡമെന്താണ്?
5. സ്വേച്ഛാധിപത്യം എന്നാൽ എന്ത്?
6. തിരുരക്തത്തിന്റെ അമൂല്യമായ ശക്തി ഹൃദയത്തിൽ സ്വന്തമാക്കാൻ സാധിച്ചത് ആർക്കാണ്?
7. മനുഷ്യഹൃദയത്തിന്റെ വിശപ്പിനുള്ള ദൈവത്തിന്റെ പ്രതികരണമെന്താണ്?
8. തൊഴിലാളികൾക്കായി 'ബേബി ബോണസ്' പ്രഖ്യാപിച്ച അമേരിക്കൻ കമ്പനി ഏത്?
9. പ്രത്യാശയും അഭയവും ക്രിസ്തുവാണെന്നും, ക്രിസ്തീയ വിശ്വാസത്തെ തൊടാനവില്ലെന്നും പറഞ്ഞ ബിഷപ്?
10. 1962 മെയ് 6ന് വിശുദ്ധനാക്കപ്പെട്ട നീഗ്രോ ബാലന്റെ പേര്?

**ഉത്തരങ്ങൾ 2023 ആഗസ്റ്റ് 30 ന് മുമ്പ് ലഭിക്കണം**

## നവംബർ – ഡിസംബർ ലക്കം ഉത്തരങ്ങൾ

1. ആത്മീയത 2. ഓപ്പറേഷൻ ശുഭയാത്ര 3. വിദ്യാലക്ഷ്മി 4. 1987 5. 2022 6. 2023 ഒക്ടോബർ 7. തെഹ്റു 8. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ 9. മിസിഗാഗ (കാനഡ) ചിക്കാഗോ (യുഎസ്എ) ഗ്രേറ്റ് ബ്രിട്ടൺ, മെൽബൺ (ഓസ്ട്രേലിയ). 10. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..........................................................

വീട്ടുപേര്: ..........................................................

ഇടവക: ..........................................................

ഫോൺ: ..........................................................

# ജോലിയോടൊപ്പം പഠനം

**ജോലിയോടൊപ്പം പഠനം തുടരേണ്ടവർക്കും, വിവിധ കാരണങ്ങളാൽ റെഗുലർ കോളജുകളിൽ അഡ്മിഷൻ ലഭിക്കാത്തവർക്കും തുടർപഠനത്തിന് സൗകര്യമൊരുക്കി ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയും, കേരളത്തിലെ വിവിധ സർവകലാശാലകളും**



## വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം



ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ)യുടെ ആഗസ്റ്റ്–സെപ്റ്റംബർ മാസങ്ങളിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകൾക്ക് ജൂലൈ 15ന് മുമ്പായി അപേക്ഷ സമർപ്പിക്കാം. റെഗുലർ കോളജുകളിൽ അഡ്മിഷൻ ലഭിക്കാതെ പഠനം തുടരാൻ സാധിക്കാത്തവർക്കും ഏതെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്കുമൊക്കെ ഇഗ്നോയുടെ കോഴ്സുകൾ ചെയ്യാവുന്നതാണ്. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഡിഗ്രി, പി.ജി പ്രോഗ്രാമുകൾ ഇഗ്നോ നടത്തുന്നുണ്ട്.

ജോലിയിൽ പ്രവേശിച്ചവർക്ക് കരിയർ ഇപ്രൂവ്മെന്റിന് ഇഗ്നോയുടെ കോഴ്സുകൾ ഉപകാരപ്പെടും. എല്ലാവർഷവും ജൂലൈ–ജനുവരി മാസങ്ങളിലായി രണ്ട് പ്രാവശ്യം അഡ്മിഷൻ നടത്തുന്നു. കോഴ്സിന് ചേരുവാൻ പ്രായപരിധിയില്ല. മറ്റ് സർവകലാശാലകളിൽ റെഗുലർ കോഴ്സ് ചെയ്യുന്നവർക്ക് ഇഗ്നോയിൽ എതെങ്കിലും ഒരു കോഴ്സ് ചെയ്യുന്നതിനും നിയമ തടസമില്ല. 40 വർഷത്തെ അക്കാഡമിക്ക് പാരമ്പര്യമുള്ള ഇഗ്നോ ലോകത്തിലെ തന്നെ ഏറ്റവും വലിയ ഓപ്പൺ യൂണിവേഴ്സിറ്റിയാണ്.

### കോഴ്സുകൾ

ആറ് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ– പി.ജി ഡിപ്ലോമ, മൂന്ന് വർഷമുള്ള വിവിധ ഡിഗ്രി കോഴ്സുകൾ, രണ്ട് വർഷമുള്ള പി.ജി കോഴ്സുകൾ എന്നിവ ഇഗ്നോ നടത്തുന്നു. കൂടാതെ ബി.എഡ്, എം.ബി.എ, നഴ്സിംഗ് തുടങ്ങി നിരവധി കോഴ്സുകളും ഇഗ്നോയിലുണ്ട്.

### സർട്ടിഫിക്കറ്റ് കോഴ്സുകൾ

വിവിധ ഭാഷാ വിഷയങ്ങൾ, മാനവിക വിഷയങ്ങൾ, വയോജന വിദ്യാഭ്യാസം, സൈബർ ലോ, അഗ്രികൾച്ചർ തുടങ്ങി പതിനഞ്ചോളം വിഷയങ്ങളിൽ ആറ് മാസം ദൈർഘ്യമുള്ള പി.ജി സർട്ടിഫിക്കറ്റ് കോഴ്സുകളാണ് ഇഗ്നോയിലുള്ളത്. തിയേറ്റർ ആട്സ്, ഭരതനാട്യം, കർണാട്ടിക് തുടങ്ങിയ കലകൾ, ബിസിനസ്, എൻവിറോൺമെന്റ്, ഡിസാസ്റ്റർ മാനേജ്മെന്റ് സോഷ്യൽ വർക്ക്, ഹെൽത്ത്, ടൂറിസം, ഫുഡ് ആന്റ് ന്യൂട്രീഷ്യൻ, റൂറൽ ഡവലപ്പ്മെന്റ്, ഫാമിങ്, ഹ്യൂമൺ റൈറ്റ്സ്, കസ്റ്റമർ പ്രൊട്ടക്ഷൻ, ലാംഗ്വേജ് തുടങ്ങി എഴുപതോളം വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇഗ്നോ നടത്തുന്നു.

### ഡിപ്ലോമ കോഴ്സുകൾ

ന്യൂട്രീഷൻ, ടൂറിസം, ഡെയറി ടെക്നോളജി, വിമൻ എംപവർമെന്റ് തുടങ്ങി 25 വിഷയങ്ങളിൽ ഡിഗ്രിക്കാർക്കുള്ള ഡിപ്ലോമ കോഴ്സും, ലൈബ്രറി ഓട്ടോമേഷൻ, റൂറൽ മനേജ്മെന്റ്, ജേർണലിസം, കൗൺസിലിങ്, ഹയർ എജ്യുക്കേഷൻ തുടങ്ങി 38 വിഷയങ്ങളിൽ പി.ജി ഡിപ്ലോമ കോഴ്സും ഇഗ്നോയിലുണ്ട്. ഒരു വർഷമാണ് ഡിപ്ലോമ കോഴ്സുകളുടെ സമയ പരിധി.

### ഡിഗ്രി കോഴ്സുകൾ

മിക്കവാറും എല്ലാ മാനവിക, ആർട്സ്, ഭാഷാ വിഷയങ്ങളിലും ഇഗ്നോ ഡിഗ്രി കോഴ്സ് നടത്തുന്നു. കൂടാതെ ബിസിഎ, ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (ബി.എസ്.ഡബ്ല്യൂ), ബാച്ചിലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സർവീസസ് (ബി.എൽ.ഐ.എസ്), ബാച്ചിലർ ഓഫ് പ്രിപ്പറേറ്ററി പ്രോഗ്രാം (ബി.പി.പി) തുടങ്ങിയ കോഴ്സുകളും ഇഗ്നോയിലുണ്ട്. ഫിസിക്സ്, കെമിസ്ട്രി, ലൈഫ് സയൻസ് തുടങ്ങി ചില സയൻസ് വിഷയങ്ങളിലും ഇഗ്നോ കോഴ്സ് ലഭ്യമാണ്. മൂന്ന് വർഷമാണ് ഡിഗ്രി കോഴ്സുകളുടെ കാല ദൈർഘ്യം.

### പി.ജി കോഴ്സുകൾ

മുപ്പതോളം വിഷയങ്ങളിൽ ഇഗ്നോ, പി.ജി പ്രോഗ്രാം നടത്തുന്നു, എം.സി.എ, എം.എസ്.ഡബ്ല്യൂ, എം.ബി.എ, ജേർണലിസം, തുടങ്ങിയവയിലും പി.ജി പ്രോഗ്രമുകൾ ഉണ്ട്.

### അപേക്ഷയും പ്രവേശനവും

ഇഗ്നോയുടെ മിക്കവാറും കോഴ്സുകൾക്കും ഓൺലൈനായയി അപേക്ഷ സമർപ്പിച്ച് അഡ്മിഷൻ എടുക്കാവുന്നതാണ്. www.onlineadmission.ignou.ac.in എന്ന വെബ്സൈറ്റ് വഴിയാണ് അഡ്മിഷൻ രജിസ്റ്റർ ചെയ്യേണ്ടത്. ജൂലൈ 15 ന് മുമ്പ് രജിസ്റ്റർ ചെയ്യണം.

### കോഴ്സിന്റെ ഘടന

വിദൂര വിദ്യാഭ്യാസ രീതിയിലാണ് ഇഗ്നോയുടെ കോഴ്സുകൾ നടക്കുന്നത്. സ്റ്റഡി മെറ്റീരിയൽസ് പ്രിന്റ് ഔട്ട് പോസ്റ്റിൽ അയച്ചുതരും. ഇപ്പോൾ ഇത് ഓൺലൈനായി ഡിജിറ്റൽ രൂപത്തിലും ലഭ്യമാണ്. ഇങ്ങനെ സ്വീകരിക്കുന്നവർക്ക് ഫീസിൽ 15 ശതമാനം ഇളവും ലഭിക്കും. കോഴ്സിന് വർഷാവസാന പരീക്ഷ, പ്രാക്ടിക്കൽ പ്രൊജക്റ്റ്, റഗുലറായി സമർപ്പിക്കേണ്ട അസൈൻമെന്റ് എന്നിവ ഉണ്ട്. ഇഗ്നോയുടെ സ്റ്റഡി സെന്ററുകളിൽ കോൺടാക്റ്റ് ക്ലാസ്, ഓഡിയോ–വീഡിയോ ക്ലാസ്, ടെലി കോൺഫറൻസ് എന്നിവയും നടത്തുന്നു. എല്ലാ സ്റ്റഡി സെന്ററുകളോടും ചേർന്ന് വിശാലമായ ലൈബ്രറി സൗകര്യമുണ്ട്. ക്രെഡിറ്റ് സിസ്റ്റത്തിലാണ് കോഴ്സുകൾ നടക്കുന്നത്. ഓരോ കോഴ്സിന്റെയും ക്രെഡിറ്റും കോഴ്സ് ഫീസും വ്യത്യസ്തമാണ്.

### അംഗീകാരം

ഇഗ്നോ നടത്തുന്ന എല്ലാ കോഴ്സുകളും തുടർപഠനത്തിനും ജോലിക്കും അംഗീകാരം ഉള്ളവയാണ്. ഇന്ത്യയിലെ എല്ലാ യൂണിവേഴ്സിറ്റികളും ഇത് അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, വടകര എന്നിവിടങ്ങളിൽ ഇഗ്നോയുടെ റീജിയണൽ സെന്ററുകൾ ഉണ്ട്. ജെ.ഡി.റ്റി, കോഴിക്കോട് വെള്ളിമാടുകുന്ന് (04952730289), വടകര, അടയ്ക്കാതെരുവ് (0496–2525281) കൂടുതൽ വിവരങ്ങൾക്ക് www.ignou.ac.in സന്ദർശിക്കുക.

### വിദൂര പഠനം കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ

കേരളത്തിൽ കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളും വിദൂര പഠന കോഴ്സുകൾ നടത്തുന്നുണ്ട്. ഡിഗ്രി, പിജി തലങ്ങളിൽ ലിറ്ററേച്ചർ, ഹ്യുമാനിറ്റീസ്, കൊമേഴ്സ് വിഷയങ്ങളിലായി നിരവധി പ്രോഗ്രാമുകൾ ഈ സർവകലാശാലകളിൽ ഉണ്ട്. കോഴ്സുകളിലേക്കുള്ള അപേക്ഷ ജൂലൈ 31 വരെ ഓൺലൈനായി നടത്താം. കാലിക്കറ്റിൽ പൊളിറ്റിക്കൽ സയൻസ്, ബിബിഎ, ബി.കോം, എന്നീ യു.ജി കോഴ്സുകളിലേക്കും അറബിക്ക്, ഇക്കണോമിക്സ്, ഹിന്ദി, ഫിലോസഫി, പൊളിററിക്കൽ സയൻസ്, സംസ്കൃതം, എം.കോം, എം.എസ്.സി മാത്താമാറ്റിക്സ് എന്നീ പി.ജി കോഴ്സുകളിലേക്കുമാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.

പഠനത്തിനാവശ്യത്തിനുള്ള സ്റ്റഡി മെറ്റീരിയൽസ് സർവകലാശാല നൽകും. ശനി, ഞായർ തുടങ്ങിയ അവധി ദിവസങ്ങളിൽ അപേക്ഷകൻ തെരഞ്ഞെടുക്കുന്ന സെന്ററിൽ വച്ച് കോൺടാക്റ്റ് ക്ലാസും നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് www.sde.uoc.ac.in സന്ദർശിക്കുക.

### ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

2021 ൽ കൊല്ലം ആസ്ഥാനമായി ആരംഭിച്ച ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി (SGOU) യിലും ഇപ്പോൾ വിദൂര പഠന സൗകര്യമുണ്ട്. ബിബിഎ, ബി.കോം, സോഷ്യോളജി, ബി.എ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) തുടങ്ങിയ ഡിഗ്രി പ്രോഗ്രാമുകളും, എം.എ ഇക്കണോമിക്സ്, എം.എ മലയാളം എന്നീ പ്രോഗ്രാമുകളാണ് ഉള്ളത്. കോഴിക്കോട്, പട്ടാമ്പി, തൃപ്പൂണിത്തറ, പത്തനംതിട്ട എന്നിവിടങ്ങളിലെ റീജിയണൽ സെന്ററുകൾ കൂടാതെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കോൺടാക്ട് സെന്ററുകളുമുണ്ട്. ആഗസ്റ്റ് മാസം ഓൺലൈനായി അപേക്ഷ ക്ഷണിക്കും. കൂടുതൽ വിവരങ്ങൾ www.sgou.ac.in ൽ ലഭ്യമാണ്.




ഉപകാരസ്മരണ



മേരി ഉള്ളാട്ടിൽ, കണ്ണോത്ത്

# റാങ്ക് നേട്ടത്തിൽ തിളങ്ങി അൽഫോൻസയുടെ ആര്യ

നീറ്റ് യുജി പരീക്ഷയിൽ കേരളത്തിൽ ഒന്നാം റാങ്കും അഖിലേന്ത്യാതലത്തിൽ ഇരുപത്തി മൂന്നാം റാങ്കും നേടി മിന്നും വിജയം സ്വന്തമാക്കിയ താമരശ്ശേരി അൽഫോൻസ സീനിയർ സെക്കൻഡറി സ്കൂളിലെ ആർ. എസ്. ആര്യ അഭിമാന താരമായി. 720 ൽ 711 മാർക്കാണ് ആര്യ നേടിയത്. അഖിലേന്ത്യാതലത്തിൽ പെൺകുട്ടികളിൽ മൂന്നാം സ്ഥാനമാണ് ആര്യയ്ക്ക്. ഒന്നാം ക്ലാസ് മുതൽ 12–ാം ക്ലാസ് വരെ ആര്യ പഠിച്ചത് അൽഫോൻസ സീനിയർ സെക്കൻഡറി സ്കൂളിലാണ്. ആര്യ പഠനാനുഭവങ്ങളും വിജയമന്ത്രവും പങ്കുവയ്ക്കുകയാണ് ചുവടെ:



ആർ. എസ്. ആര്യ

● **ചോദ്യം:** *അൽഫോൻസ സ്കൂളിന് ഏറെ അഭിമാനിക്കാവുന്ന വാർത്തയാണ് ഈ റാങ്ക് നേട്ടം. ഈ ഒരു നിമിഷത്തിൽ എന്താണ് ആര്യയ്ക്ക് തോന്നുന്നത്? എങ്ങനെയാണ് ഈയൊരു മിന്നും വിജയം സ്വന്തമാക്കിയത്? പിന്നാലെ വരുന്നവർക്ക് പകർന്നുകൊടുക്കുവാനുള്ള വിജയ മന്ത്രം എന്താണ്?*

● **ആർ. എസ്. ആര്യ:** ഒരുപാട് സന്തോഷമുണ്ട്. ഇത്രയും വലിയൊരു വിജയം നേടാൻ സാധിക്കുമെന്ന് വിചാരിച്ചിരുന്നതല്ല. ആദ്യം ദൈവത്തോട് നന്ദി പറയുന്നു. എന്റെ മാതാപിതാക്കളുടെയും അധ്യാപകരുടെയും വലിയൊരു പിന്തുണ എനിക്ക് ലഭിച്ചിരുന്നു. ഒന്നാം ക്ലാസ് മുതൽ 12 വരെ പഠിപ്പിച്ച എല്ലാ അധ്യാപകർക്കും എന്റെ വിജയത്തിൽ പങ്കുണ്ട്.

കഠിനാദ്ധ്വാനം തന്നെയാണ് വിജയത്തിന്റെ ഘടകം. കഠിനമായി പരിശ്രമിക്കാതെ വിജയത്തിലേക്ക് എത്താൻ പറ്റില്ല. നിശ്ചയദാർഢ്യത്തോടെ, സ്ഥിരതയോടെ, കഠിനമായി പരിശ്രമിച്ച് പഠനകാര്യങ്ങളിൽ മാത്രം ഫോക്കസ് ചെയ്ത് മുന്നോട്ടുപോയാൽ മാത്രമേ വിജയം നേടാൻ കഴിയൂ. ദിവസവും 14 മുതൽ 15 മണിക്കൂർ വരെ പഠിക്കണം. വേണമെങ്കിൽ അവസാന സമയങ്ങളിൽ ഒരു 16 മുതൽ 17 മണിക്കൂർ വരെ പോകാം. പരീക്ഷയ്ക്ക് അടുക്കുന്ന സമയങ്ങളിൽ കുറച്ചുകൂടി പഠനം സമയം കൂട്ടുന്നത് നന്നായിരിക്കും. എൻസിഇആർടി ടെക്സ്റ്റ് ബുക്ക് തന്നെ ഫോളോ ചെയ്യുക. എല്ലാ വിഷയങ്ങൾക്കും എൻസിഇആർടി പുസ്തകങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് മാത്രം പഠനം മുന്നോട്ടു കൊണ്ടുപോകണം. എൻസിഇആർടി ടെക്സ്റ്റ് ബുക്കിനെ ബേസ് ചെയ്തു കൊണ്ട് മാത്രമേ നമുക്ക് ക്വസ്റ്റ്യൻസ് വരാറുള്ളൂ. ബ്രില്ല്യൻസ് സ്റ്റഡി സെൻറർ പാലായിലെ റിപ്പീറ്റഡ് മെഡിക്കൽ ഓൺലൈൻ ബാച്ചിലായിരുന്നു ഞാൻ. ക്ലാസ് ഓൺലൈനോ, ഓഫ്‌ലൈനോ ആയിക്കൊള്ളട്ടെ നമ്മൾ ഫോക്കസ് ചെയ്ത് പഠിച്ചാൽ വിജയം ഉറപ്പാണ്. ഷോർട് നോട്ട്സ് ഉണ്ടാക്കി പഠിക്കുന്നത് വളരെ നന്നായിരിക്കും. പരീക്ഷ അടുക്കുന്ന സമയത്ത് ഒരുപാടു ഭാഗങ്ങൾ പഠിക്കാനുണ്ടാകും. ഇത്രയും ഏരിയ വേഗത്തിൽ കവർ ചെയ്യാൻ ഷോർട് നോട്സ് ഉപകരിക്കും.

എപ്പോഴും പഠിച്ചുകൊണ്ടിരുന്നാൽ നമ്മൾ സമ്മർദ്ദത്തിലാകാൻ സാധ്യത കൂടുതലാണ്. അപ്പോൾ മറ്റു കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കണം. നല്ല ഹോബീസ് ഉണ്ടായിരിക്കണം. അതുവഴി പഠനം നൽകുന്ന സമ്മർദ്ദങ്ങൾ അതിജീവിക്കാം.

വിഷമങ്ങൾ ഉണ്ടാവുന്ന അവസരത്തിൽ വിശ്വസ്തരായ ആരോടെങ്കിലും കാര്യങ്ങൾ തുറന്ന് പറയുന്നത് നല്ലതായിരിക്കും. പ്രാർത്ഥനയും എന്നെ ഒരുപാട് സഹായിച്ചിട്ടുണ്ട്.

● **ചോദ്യം:** *ആര്യയെപ്പോലുള്ള ഒരു കുട്ടിയെക്കുറിച്ച് സ്കൂളിന് വലിയ അഭിമാനമാണ്. മികച്ച റാങ്ക് നേടി എന്നതുകൊണ്ടല്ല മറിച്ച്, പഠനത്തിൽ ഇത്രയും മികച്ചു നിൽക്കുമ്പോഴും അധ്യാപകരോടുള്ള വിധേയത്വവും വിനയവും സ്നേഹവുമൊക്കെയാണ് അതിന് കാരണം. എങ്ങനെയായിരുന്നു ആര്യയുടെ സ്കൂൾ അനുഭവങ്ങൾ?*

● **ആർ. എസ്. ആര്യ:** എന്റെ വിജയത്തിൽ അൽഫോൻസ സ്കൂൾ എത്രമാത്രം പങ്കുവഹിച്ചു എന്ന് വാക്കുകളിലൂടെ പറഞ്ഞറിയിക്കാൻ സാധിക്കില്ല. അത്രയ്ക്കും വലിയ റോളാണ് ഈ സ്കൂളും ഇവിടുത്തെ അധ്യാപകരും പ്രിൻസിപ്പൽ ഫാ. ജിൽസൺ ജോസഫ് തയ്യിലും വഹിച്ചിട്ടുള്ളത്. ഇവരുടെ പ്രാർത്ഥനകൾ എന്നോടൊപ്പം ഉണ്ടായിരുന്നതുകൊണ്ടാണ് ഇത്രയും വലിയ വിജയം നേടാൻ സാധിച്ചതെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. താമരശ്ശേരി പോലുള്ള ഗ്രാമ പ്രദേശത്ത് എല്ലാ സൗകര്യങ്ങളോടെയുമുള്ള സ്കൂൾ ഞങ്ങളുടെയൊക്കെ ഭാഗ്യമാണ്. ഞാനൊരു സാധാരണ കുടുംബത്തിൽ നിന്നാണ് വരുന്നത്. ഒന്നു മുതൽ 12 വരെ ഇത്രയും സൗകര്യങ്ങളുള്ള സ്കൂളിൽ പഠിക്കാൻ കഴിഞ്ഞത് ദൈവാനുഗ്രഹമാണ്. ഇവിടുത്തെ എൻട്രൻസ് പരിശീലനവും മികച്ചതാണ്. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും എനിക്ക് താൽപര്യമുണ്ട്. പാട്ടും ഡാൻസിനുമുള്ള കഴിവുകൾ മെച്ചപ്പെടുത്താനും വളർത്തിയെടുക്കാനും സ്കൂൾ ഒരുപാട് സഹായിച്ചിട്ടുണ്ട്.

എൻട്രൻസിന് ഒരുങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം മികച്ചൊരു അടിത്തറ നമുക്ക് ഉണ്ടാകണമെന്നതാണ്. വസ്തുതകൾ കൃത്യമായി പഠിച്ച് വച്ചിരിക്കണം. അതിനൊക്കെ സാധിക്കണമെങ്കിൽ പ്ലസ് വണ്ണും പ്ലസ്ടുവും നന്നായി പഠിച്ചിരിക്കണം. അൽഫോൻസ സ്കൂളിലെ അധ്യാപകർ ഓരോ ആശയങ്ങളും വളരെ ക്ലിയറായി പകർന്നു തന്നിട്ടുണ്ട്. എൻട്രൻസ് കോച്ചിങ്ങ് സമയത്ത് ബുദ്ധിമുട്ടുള്ള ചോദ്യങ്ങൾ സോൾവ് ചെയ്യാൻ കഴിഞ്ഞത് ആ ഒരു ബേസ് ശക്തമായതുകൊണ്ടാണ്. എന്റെ കൂടെ പഠിച്ച എല്ലാ കുട്ടികൾക്കും വളരെ നല്ല റിസൾട്ട് പ്ലസ്ടുവിന് നേടാൻ സാധിച്ചത് ഇവിടുത്തെ പഠന മികവുകൊണ്ടാണ്. സ്കൂളിലെ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി 2019 ൽ പഞ്ചാബിലും ഡൽഹിയിലും പോകാൻ സാധിച്ചത് വലിയൊരു അനുഭവമായിരുന്നു.

● **ചോദ്യം:** *മാതാപിതാക്കളെ കുറിച്ച് പറയാമോ?*

● **ആർ. എസ്. ആര്യ:** അച്ഛൻ ടി. കെ. രമേശ് ബാബു പോലീസ് ഓഫീസറാണ്. അമ്മ കെ. ഷൈമ വീട്ടമ്മയാണ്. ചേച്ചി അർച്ചന, ഇപ്പോൾ പോസ്റ്റ് ഗ്രാജുവേഷൻ ചെയ്യുന്നു.



ദൈവവിശ്വാസത്തിലും കഠിനാധ്വാനത്തിലും അടിയുറച്ച് നേടിയ തിളക്കമാർന്ന ഈ വിജയം പുതിയ തലമുറയ്ക്ക് പ്രചോദനമാകട്ടെ. അൽഫോൻസ സ്കൂളിലെ വിദ്യാർത്ഥിനി ആർ. എസ് ആര്യയ്ക്ക് എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ

**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**(പേട്രൻ, അൽഫോൻസ സ്കൂൾ, താമരശ്ശേരി)**


## അൽഫോൻസ എഡ്യുക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് അംഗങ്ങൾ



മോൺ. ജോയ്സ് വയലിൽ (വികാരി ജനറൽ)



ഫാ. ചെറിയാൻ പൊങ്ങൻപാറ (ചാൻസിലർ)



ഫാ. കുര്യാക്കോസ് മുകാലയിൽ (പ്രൊക്യുറേറ്റർ)



ഫാ. ജിൽസൺ തയ്യിൽ (പ്രിൻസിപ്പൽ)



ഫാ. ജോസഫ് പാലക്കാട്ട് (കോർപ്പറേറ്റ് മാനേജർ)



ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ (മെമ്പർ)







**ചാവറ ഫാമിലി വെൽഫെയർ സെന്റർ, H.O. ചാവറ കൾച്ചറൽ സെന്റർ, കൊച്ചി. 99 617 44 444 / 0484 40 80 333 Toll Free : 1800 103 4080**

## WANTED GROOMS

താമരശ്ശേരി രൂപത സിറിയൻ യുവതി,26/168cm,M.Sc (Chem), B.Ed,SET,CTET,KTET 2&3.
**Chavara ID:CCLT458368/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,32/154cm,B.Sc Nursing. ,നഴ്സ്-ഇസ്രയേൽ.
**Chavara ID:CCLT458885/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,26/163cm,M.Sc Botany, ടീച്ചർ-കൊച്ചി.
**Chavara ID:CCLT458926/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,28/166cm,M.Tech VLSI Design, ഡിജിറ്റൽ ഡിസൈൻ എഞ്ചിനീയർ-ബാംഗ്ലൂർ.
**Chavara ID:CCLT458954/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി, 25/162cm,M.Sc, B.Ed (Maths),KTET-2&3,SET
**Chavara ID:CCLT458971/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,27/153cm,M.Sc Chem, B.Ed,ടീച്ചർ-കോഴിക്കോട്.
**Chavara ID:CCLT458979/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,26/160cm,MS ENT,PG വിദ്യാർത്ഥിനി-കോഴിക്കോട്.
**Chavara ID:CCLT458997/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,25/158cm,B.Sc Web Design& Development, സോഫ്റ്റ്‌വെയർ പ്രൊഫഷണൽ - UK.
**Chavara ID: CCLT459018/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,25/168cm,MBBS,Preparing for NEET PG .
**Chavara ID:CCLT459056/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,27/157cm,B.Tech ECE,വിദ്യാർത്ഥിനി.
**Chavara ID:CCLT500050/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,24/156cm,M.Sc Chem,പ്രൊബേഷണറി ഓഫീസർ,ഫെഡറൽ ബാങ്ക്-മലപ്പുറം.
**Chavara ID:CCLT459140/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,28/168cm,M.Sc Geology Asst. പ്രൊഫസർ-ഇരിഞ്ഞാലക്കുട.
**Chavara ID:CCLT459169/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,29/154 cm,B.Sc Nursing,നഴ്സ്-(MOH) സൗദിഅറേബ്യ.
**Chavara ID:CCLT459172/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,28/165cm,B.Tech,MS Chemical Engg.,പ്രോസസ്സ് എഞ്ചിനീയർ-ജർമ്മനി.
**Chavara ID:CCLT500074/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,26/160cm,BHMS ഹോമിയോ ഡോക്ടർ.
**Chavara ID:CCLT235235/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവതി,30/154cm,M.Sc Physics ,B.Ed,KTET,
**Chavara ID:CNBR456933/Ph.9995777922**

മാനന്തവാടി രൂപത സിറിയൻ യുവതി,24/168cm,MBBS,Awaiting PG Allotment,ഡോക്ടർ-ബാംഗ്ലൂർ.
**Chavara ID:CWYD457877/Ph.9995777496**

മാനന്തവാടി രൂപത സിറിയൻ യുവതി,28/157cm,M.Tech,Doing Ph.D, റിസേർച്ച് സ്കോളർ- IIT, Kharagpur.
**Chavara ID:CWYD457879/Ph.9995777496**

താമരശ്ശേരി രൂപത സിറിയൻ യുവതി,25/160cm,MBBS,ഡോക്ടർ.
**Chavara ID:CCLT459105/Ph.9995777922**

മാനന്തവാടി രൂപത സിറിയൻ യുവതി,30/158cm,BDS,PG Diploma Healthcare Administration-കാനഡ.
**Chavara ID:CWYD457903/Ph.9995777496**

## WANTED BRIDES

താമരശ്ശേരി രൂപത സിറിയൻ യുവാവ്,33/167cm,B.Tech E&I ,ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ-ബാംഗ്ലൂർ.
**Chavara ID:CCLT458360/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,27/176cm,Diploma Chemical Engg.,കെമിക്കൽ പ്രോസസ്സ് ഓപ്പറേഷൻസ്-Govt. കൊല്ലം.
**Chavara ID:CCLT458897/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,31/175cm,MBA Mktg. &Data Analytics, ക്വാളിറ്റി അനലിസ്റ്റ്-കാനഡ.
**Chavara ID:CCLT458966/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,28/176cm,B.Tech Civil, PG Construction Mgnt. വിദ്യാർത്ഥി-ആസ്ട്രേലിയ.
**Chavara ID:CCLT500026/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,29/169cm,MBBS,Doing PG General Medicine, PG വിദ്യാർത്ഥി - പെരിന്തൽമണ്ണ.
**Chavara ID:CCLT500029/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,31/176cm,PGDM Finance, ബാങ്കിംഗ് പ്രൊഫഷണൽ-കാനഡ.
**Chavara ID:CCLT459026/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,31/180cm,BDS,Doing Final year DDS വിദ്യാർത്ഥി-കാനഡ.
**Chavara ID:CCLT459054/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,26/160cm,B.Sc Anaesthesia &OT Technology, അനസ്തെറ്റിക് പ്രാക്ടീഷണർ-UK.
**Chavara ID:CCLT459073/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,29/174cm,Masters in Aerospace Engg.,Simulation Engineer-സ്വീഡൻ.
**Chavara ID:CCLT459090/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,28/170cm,B.Tech ECE,സീനിയർ സോഫ്റ്റ്‌വെയർ എഞ്ചിനീയർ-ബാംഗ്ലൂർ.
**Chavara ID:CCLT459153/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,36/178cm,B.Sc Nursing, നഴ്സ്-UK.
**Chavara ID:CCLT459177/Ph.9995777922**




താമരശ്ശേരി രൂപത സിറിയൻ യുവാവ്,30/165cm,M.Sc Physics, ബാങ്ക് മാനേജർ (BOI). **Chavara ID:CCLT459219/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,30/179cm,M.Com,നഴ്സിംഗ് അസ്സിസ്റ്റന്റ്-UK.
**Chavara ID:CCLT500034/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,28/181cm,MBA,മാനേജർ -UK.
**Chavara ID:CCLT500073/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,27/172cm,B.Tech Mech. Engg.,PGDQEM, ക്വാളിറ്റി ടെക്നീഷ്യൻ-കാനഡ.
**Chavara ID:CCLT459313/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,28/173cm,B.Tech Mech. Engg., അസ്സിസ്റ്റന്റ് ബാങ്ക് മാനേജർ-SIB-എറണാകുളം.
**Chavara ID:CCLT458892/Ph.9995777922**

താമരശ്ശേരി രൂപത സിറിയൻ യുവാവ്,25/173cm,B.Tech Petrochemical Engg.,M.Sc IBM വിദ്യാർത്ഥി - UK.
**Chavara ID:CCLT459166/Ph.9995777922**

Branches

29 Branches in Kerala, Bangalore, Coimbatore, Mumbai & Delhi

ആലപ്പുഴ - 9995777489
അങ്കമാലി - 9995777571
ചങ്ങനാശ്ശേരി - 9995777568
ചാലക്കുടി - 9995777038
ഇരിങ്ങാലക്കുട - 9995777560
കാഞ്ഞിരപ്പള്ളി - 9995777597
കട്ടപ്പന - 9995777536
കണ്ണൂർ - 9995777538
കൊല്ലം - 9995110736
കോട്ടയം - 9995777601
കുറവിലങ്ങാട് - 9995118999
നിലമ്പൂർ - 9995777922
പാവറട്ടി - 9995777462
പത്തനംതിട്ട - 9995777459
പാല - 9995777618
പാലക്കാട് - 9995777518
വയനാട് - 9995777496
തൃശ്ശൂർ - 9995777576
തൊടുപുഴ - 9995777504
തിരുവനന്തപുരം - 9995777503
കോതമംഗലം - 9995777547
മൂവാറ്റുപുഴ- 9288002321
വടക്കാഞ്ചേരി - 9288002314
ചേർത്തല - 9288002313
പറവൂർ - 9400977448
ഡൽഹി - 9074871689
ബാംഗ്ലൂർ - 9446819687
മുംബൈ - 9746782828
കോയമ്പത്തൂർ - 9074871689

ചാവറ മാട്രിമോണിയുടെ വെബ്സൈറ്റിൽ രജിസ്റ്റർ നമ്പർ (ID) കൊടുത്താൽ ഇതിൽ കൊടുത്തിരിക്കുന്ന വിവാഹാർത്ഥികളുടെ ഫോട്ടോയും കൂടുതൽ വിവരങ്ങളും ലഭ്യമാകുന്നതാണ്. ഫ്രീ രജിസ്ട്രേഷൻ ചെയ്യുന്നതിന് വെബ്സൈറ്റ് സന്ദർശിക്കുകയോ, ഫോൺനമ്പറിൽ വിളിക്കുകയോ ചെയ്യുക.

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Rony Paul Kavil